DETAILED PROJECT REPORT (DPR)

# കാലാവസ്ഥാ വ്യതിയാനത്തിന് അനുയോജ്യമായ കൃഷി രീതികൾ

## എടവണ്ണ ഗ്രാമപഞ്ചായത്ത്
## മലപ്പുറം ജില്ല

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ് പി.ഒ., തൃശൂർ-680 581

മാർച്ച് 2025

| ക്രമ നം. | ഉള്ളടക്കം | പേജ് നം. |
|---|---|---|
| 1 | ആമുഖം | 05 |
| 2 | പദ്ധതി ആശയങ്ങൾ | 15 |
| 3 | പ്രോജക്ടിന്റെ ഉദ്ദേശം | 15 |
| 4 | പ്രോജക്ടിന്റെ പശ്ചാത്തലം | 16 |
| 5 | പ്രോജക്ടുമായി ബന്ധപ്പെട്ട മറ്റ് അടിസ്ഥാന വിവരങ്ങൾ | 16 |
| 6 | നിർവ്വഹണ ചുമതല | 16 |
| 7 | പ്രൊജക്റ്റ് രൂപീകരണ പങ്കാളികൾ | 16 |
| 8 | ഫണ്ട് ലഭ്യതാ സാദ്ധ്യതകൾ | 16 |
| 9 | പരിശീലനങ്ങൾ | 16 |
| 10 | നിർവ്വഹണ രീതി | 17 |
| 11 | ഗുണഭോക്താക്കൾ | 17 |
| 12 | ഉത്തരവാദിത്വങ്ങളും ചുമതലകളും | 17 |
| 13 | പദ്ധതിയിൽ പങ്കുചേരുന്ന സ്ഥാപനങ്ങൾ | 17 |
| 14 | പ്രതീക്ഷിക്കുന്ന ലക്ഷ്യങ്ങൾ | 17 |
| 15 | പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ | 18 |
| 16 | സംയോജിത കൃഷി സമ്പ്രദായം- കാഴ്ചപ്പാട് | 18 |
| 17 | സംയോജിത കൃഷി സമ്പ്രദായം- സമീപനം | 18 |
| 18 | സംയോജിത കൃഷി- പ്രധാന ഘടകങ്ങൾ | 19 |
| 19 | പദ്ധതി നടപ്പിലാക്കാനുള്ള നടപടിക്രമങ്ങൾ | 20 |
| 20 | പ്രോജക്ട് ഘടകങ്ങൾ | 20 |
| 21 | സംയോജിത കൃഷിവിവര പട്ടിക | 23 |
| 22 | തെങ്ങ്, കമുകിനങ്ങൾ, വാഴ ഇനങ്ങൾ, ഇഞ്ചി, മഞ്ഞൾ, ചേമ്പ്, ജാതി (Nutmeg), കുരുമുളക്, തീറ്റപ്പുൽ കൃഷി, ചെറുകിഴങ്ങ്/നന കിഴങ്ങ്/ Little Yam, ചെറുധാന്യ കൃഷി, | 23 |
| 23 | കാലാവസ്ഥ നിരീക്ഷണ കേന്ദ്രം | 32 |
| 24 | കൃഷിക്കൂട്ടങ്ങൾ ആഴ്ച ചന്ത | 32 |
| 25 | മൂല്യവർദ്ധിത സാദ്ധ്യതകൾ | 33 |
| 26 | ഔഷധസസ്യങ്ങളുടെ കൃഷി- ചെത്തികൊടിവേലി, അടപതിയൻ, കുറുന്തോട്ടി | 35 |
| 27 | കാർഷിക വനവത്കരണം | 38 |
| 28 | ശിശിരം 2025 | 39 |
| 29 | സംഗ്രഹം | 40 |

| പട്ടിക | ഉള്ളടക്കം | പേജ് നം. |
|---|---|---|
| 1 | പഞ്ചായത്തിന്റെ അടിസ്ഥാന വിവരങ്ങൾ | 05 |
| 2 | കാർഷിക വിളകൾ | 09 |
| 3 | സഹായ സ്ഥാപനങ്ങൾ | 17 |
| 4 | ഒരു യൂണിറ്റിൽ പ്രതീക്ഷിക്കുന്ന വിളകൾ | 22 |
| 5 | സംയോജിത കൃഷി വിവര പട്ടിക | 23 |
| 6 | സബ്സിഡി മാനദണ്ഡങ്ങൾ ( കവുങ്ങ് ) | 25 |
| 7 | സബ്സിഡി മാനദണ്ഡങ്ങൾ (വാഴ) | 26 |
| 8 | സബ്സിഡി മാനദണ്ഡങ്ങൾ (ഇഞ്ചി,മഞ്ഞൾ) | 27 |
| 9 | സബ്സിഡി മാനദണ്ഡങ്ങൾ (ജാതി) | 28 |
| 10 | സബ്സിഡി മാനദണ്ഡങ്ങൾ (കുരുമുളക്) | 29 |
| 11 | സബ്സിഡി മാനദണ്ഡങ്ങൾ (തീറ്റപ്പുല്ല്) | 30 |
| 12 | സബ്സിഡി മാനദണ്ഡങ്ങൾ ( നനകിഴങ്ങ്) | 31 |
| 13 | സബ്സിഡി മാനദണ്ഡങ്ങൾ ( ചെറു ധാന്യ കൃഷി) | 32 |
| 14 | വിള വിവരങ്ങൾ– ചെത്തികൊടിവേലി | 36 |
| 15 | ചിലവ് വിവരങ്ങൾ – ചെത്തികൊടിവേലി | 36 |
| 16 | കൃഷി ചിലവ് വിവരങ്ങൾ – അടപതിയൻ | 37 |
| 17 | കൃഷി ചിലവ് വിവരങ്ങൾ – അടപതിയൻ | 38 |
| 18 | വില വിവരങ്ങൾ | 39 |
| 19 | സബ്സിഡി വിവരങ്ങൾ | 39 |
| 20 | സംഗ്രഹം | 40 |

| ചിത്രം | ഉള്ളടക്കം | പേജ് നം. |
|---|---|---|
| 1 | തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഭൂപടം | 05 |
| 2 | ചാലിയാർ പുഴയുടെ 2020 മുതൽ 2024 വരെയുള്ള കാലയളവിൽ ജലനിരപ്പിൽ വന്ന വ്യത്യാസം – വർഷാടിസ്ഥാനത്തിൽ | 06 |
| 3 | തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഉപരിതല താപനില ഭൂപടം | 07 |
| 4 | തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ നീർത്തട ഭൂപടം | 08 |
| 5 | തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഭൂപ്രകൃതി ഭൂപടം | 10 |
| 6 | തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഭൂതല ഭൂപടം | 11 |
| 7 | തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ മണ്ണിനങ്ങളുടെ ഭൂപടം | 12 |
| 8 | തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ മണ്ണിലെ ഓർഗാനിക് കാർബൺ ഭൂപടം | 13 |
| 9 | തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ മണ്ണിന്റെ ഉൽപ്പാദന ശേഷി ഭൂപടം | 14 |
| 10 | തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഭൂവിനിയോഗ ഭൂപടം | 15 |

# ആമുഖം

മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ അരീക്കോട് ബ്ലോക്കിൽ ഉൾപ്പെടുന്ന എടവണ്ണ ഗ്രാമ പഞ്ചായത്ത് 1961 നവംബർ 21 ന് എടവണ്ണ, പെരകമണ്ണ വില്ലേജുകളെ കൂട്ടിച്ചേർത്ത് രൂപീകരിക്കപ്പെട്ടു. പഞ്ചായത്തിന്റെ ആകെ വിസ്തൃതി 51.2 ചതുരശ്ര കിലോമീറ്ററാണ്. 22 വാർഡുകൾ ഉൾപ്പെടുന്ന എടവണ്ണ ഗ്രാമ പഞ്ചായത്ത് ചാലിയാർ പുഴയുടെ ഇരുകരകളിലായി സ്ഥിതി ചെയ്യുന്നു. ചാലിയാർ എടവണ്ണയെ കുറുകെ ഭേദിച്ച് കടന്നുപോകുന്നു. മഴയുടെ ലഭ്യതയനുസരിച്ച് ജലനിരപ്പ് കൂടുന്നതും കുറയുന്നതും ജന ജീവിതത്തെ ബാധിക്കുന്നുണ്ട്.




*ചിത്രം 1: തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഭൂപടം*
*( സ്രോതസ്സ്: LAPCC, എടവണ്ണ ഗ്രാമപഞ്ചായത്ത്)*

## പട്ടിക 1: പഞ്ചായത്തിന്റെ അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| ജില്ലയുടെ പേര് : | മലപ്പുറം |
| തദ്ദേശസ്ഥാപനത്തിന്റെ പേര്: | എടവണ്ണ ഗ്രാമ പഞ്ചായത്ത് |
| തദ്ദേശസ്ഥാപന തരം : | ഗ്രാമ പഞ്ചായത്ത് |
| അതിർത്തി (തദ്ദേശസ്ഥാപനം/ ജില്ല/ സംസ്ഥാനം): | വടക്ക് : **ഊർങ്ങാട്ടിരി, മമ്പാട്** ഗ്രാമപഞ്ചായത്തുകൾ<br>തെക്ക്: **തൃക്കലങ്ങോട്, തിരുവാലി** ഗ്രാമപഞ്ചായത്തുകൾ<br>കിഴക്ക് : **മമ്പാട്, തിരുവാലി** ഗ്രാമപഞ്ചായത്തുകൾ<br>പടിഞ്ഞാറ്: **കാവനൂർ, ഊർങ്ങാട്ടിരി** ഗ്രാമപഞ്ചായത്തുകൾ |
| ആകെ വിസ്തൃതി (ച.കി.മി.): | 51.2 ച. കി. മി. |
| വാർഡുകളുടെ എണ്ണം : | 22 വാർഡുകൾ |
| അക്ഷാംശം-രേഖാംശം : | 11°16'30"N – 76° 6'30"E 11°10'30"N – 76° 10'30"E |
| പ്രധാനഭൂതലം : | സമതലവും മലനിരകളും |

*സ്രോതസ്സ്: LAPCC, എടവണ്ണ ഗ്രാമപഞ്ചായത്ത്*

കുനിയിൽ, പെരുവമ്പടം എന്നീ സ്റ്റേഷനിൽ നിന്നുള്ള നദിയുടെ ജലനിരപ്പിനെ കാണിക്കുന്ന ഈ ഗ്രാഫ് (ചിത്രം2) എടവണ്ണ പഞ്ചായത്തിലൂടെ ഒഴുകുന്ന ചാലിയാർ നദിയുടെ ജലനിരപ്പ് മാറ്റങ്ങളെ വ്യക്തമാക്കുന്നു. കുനിയിൽ റിവർ ഗേജ് സ്റ്റേഷന്റെ സമുദ്ര നിരപ്പിൽ നിന്നുമുള്ള ഉയരം 64 അടിയും പെരുവമ്പടം റിവർ ഗേജ് സ്റ്റേഷന്റെ ഉയരം 144 അടിയും ആണ്.

വർഷംതോറും മൺസൂൺ കാലത്ത്, പ്രത്യേകിച്ച് ജൂൺ–ഓഗസ്റ്റ് മാസങ്ങളിൽ, നദിയുടെ ജലനിരപ്പ് ഗണ്യമായി ഉയരുകയും പിന്നീട് കുറഞ്ഞുവരികയും ചെയ്യുന്നു. ഈ പ്രദേശത്ത് പ്രളയ സാധ്യതയുള്ളതിനാൽ, പഞ്ചായത്ത് ഭരണസംവിധാനം കരുതലോടെയും മുന്നൊരുക്കത്തോടെയും പ്രവർത്തിക്കേണ്ടതുണ്ട്. നദിയിലെ ജലനിരപ്പ് ക്രമമായി നിരീക്ഷിക്കുന്നതിലൂടെ പ്രാദേശിക പ്രളയ പ്രവചനവും നിയന്ത്രണവും മെച്ചപ്പെടുത്താം. തടയണ നിർമ്മാണം, മികച്ച ഡ്രൈനേജ് സംവിധാനം, അടിയന്തര ഒഴിപ്പിക്കൽ പദ്ധതികൾ തുടങ്ങിയവ നടപ്പിലാക്കുന്നത് പ്രളയത്തെ നേരിടാൻ സഹായകരമാകും. കൂടാതെ, നദീതീര സംരക്ഷണത്തിനായി വൃക്ഷതൈകൾ നട്ടുപിടിപ്പിക്കൽ ശാസ്ത്രീയ – സുസ്ഥിര കൃഷി രീതികൾ തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നത് ഈ പ്രദേശത്തെ ജലസമ്പത്ത് സംരക്ഷിക്കാനും പരിസ്ഥിതി നിലനില്പ് ഉറപ്പാക്കാനും സഹായിക്കും.




*ചിത്രം 2: ചാലിയാർ പുഴയുടെ 2020 മുതൽ 2024 വരെയുള്ള കാലയളവിൽ ജലനിരപ്പിൽ വന്ന വ്യത്യാസം – വർഷാടിസ്ഥാനത്തിൽ (Source:NWIC)*

## താപനില

ദിനംപ്രതി താപനില വർദ്ധിച്ചു വരികയാണ്. ഉയരുന്ന താപനില സസ്യ ജന്തുജാല വ്യത്യാസമന്യേ എല്ലാവരെയും ദുരിതത്തിലാഴ്ത്തുന്നുണ്ട്. ചൂടുകാലത്ത് നല്ല ചൂടും തണുപ്പ് കാലത്ത് നല്ല തണുപ്പും അനുഭവപ്പെടുന്ന കാലാവസ്ഥാ സവിശേഷതയാണ് പൊതുവേ ഇവിടെ അനുഭവപ്പെടുന്നത്. 1800–കളിൽ ഉണ്ടായിരുന്നതിനേക്കാൾ 1.1 ഡിഗ്രി സെൽഷ്യസ് കൂടുതലാണ് നിലവിലെ താപനില. ഈ നൂറ്റാണ്ട് അവസാനിക്കുമ്പോഴേക്കും ഭൂമിയിലെ ചൂട് 4 ഡിഗ്രിയെങ്കിലും കൂടുമെന്നാണ് യു.എൻ പഠന സംഘത്തിൻറെ മുന്നറിയിപ്പ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ ആദ്യപടിയെന്ന രീതിയിലാണ് പഞ്ചായത്തിലെ മുൻകാല അവസ്ഥകളെ കുറിച്ച് അറിഞ്ഞുകൊണ്ടും ശാസ്ത്രീയമായ പഠനവിവരങ്ങളെ സമന്വയിപ്പിച്ചുകൊണ്ടും ശാശ്വതമായ ഭാവിക്കുവേണ്ടുന്ന പദ്ധതികളാണ് ഈ രേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.




*ചിത്രം 3 : തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഉപരിതല താപനില ഭൂപടം*

## ജലലഭ്യത

പഞ്ചായത്തിനെ ഫലഭൂയിഷ്ഠമാക്കിക്കൊണ്ട് മധ്യഭാഗത്തിലൂടെ ചാലിയാർ പുഴ ഒഴുകുന്നു. ഈ പ്രദേശത്തിന്റെ ജീവനാഡിയാണ് ചാലിയാർ. കൂടാതെ ഈ പ്രദേശത്തിന്റെ പല ഭാഗത്ത് നിന്നും ചെറുതും വലുതുമായ നീരുറവകളും ചെറു ചോലകളും, ഇവ ചേരുന്ന ചെറുതും വലുതുമായ തോടുകളുമെല്ലാം കാണപ്പെടുന്നു. ഇവ ചാലിയാറിൽ ചെന്നുചേരുന്നു. ചെമ്മലം തോട്, പാണ്ടിയാട് – പുത്തൻത്തോട്, പന്തപ്പള്ളി – പാണ്ടിയാട് തോട്, പാണ്ടിയാട് – തരിങ്കുളം തോട്, വലിയതോട്–ചാലിതോട്, മഞ്ചേരി തോട്, കമ്മാനം തോട്, മണ്ണാറക്കൽ– തെക്കുംപുറം തോട്, മുത്തളം തോട്, മഞ്ചേരിക്കാട് തോട്,

പനോലം തോട്, ചോലയ്ക്കൽ വലിയ തോട്, ചള്ളി തോട്, കേലയൻ തോട്, കിഴക്കൽനാടി തോട്, കാഞ്ഞിരകുണ്ട്‌ത്തോട്, തുവക്കാട് അമയത്തൂർ, പെരകമണ്ണ മഞ്ചേരി തോട്, കൈതക്കുളം തോട്, കൊറ്റങ്കോട്– പാണരുകുണ്ട് തോട്, കേലൻ തോട്, നെയ്ക്കൽ തോട്, വലിയ തോട് തുടങ്ങിയ തോടുകളും കാരക്കൻ ചോല, പള്ളിപ്പടി ചോല, പുളിയ്ക്കൽ ചോല, കുനിയമണ്ണ് ചോല, കരിമ്പ് ചോല തുടങ്ങിയ ചോലകളും പെരുങ്കുളം, കോരിക്കുളം, കരുവാരക്കോട് കുളം തുടങ്ങിയ കുളങ്ങളും പഞ്ചായത്തിനെ ജലസമൃദ്ധമാക്കുന്നു.




*ചിത്രം 4 : തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ നീർത്തട ഭൂപടം*

## കാർഷിക വിളകൾ

എടവണ്ണ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കാർഷിക മേഖല പ്രദേശമാണ്. പഞ്ചായത്തിലെ ഏകദേശം 40 ശതമാനത്തോളം ആളുകൾ പ്രധാനമായും കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. നെല്ല്, പച്ചക്കറി, വാഴ, കമുക്, തെങ്ങ്, കുരുമുളക്, റബ്ബർ, കശുമാവ്, എന്നിവയാണ് പ്രധാന വിളകൾ. ഇതിനുപുറമേ പറമ്പുകളിൽ മഞ്ഞൾ, ഇഞ്ചി, കപ്പ എന്നിവയും കൃഷി ചെയ്തു വരുന്നു. ഇന്ന് ഏകദേശം 632 ഹെക്ടറിലായി കമുക് കൃഷിയും 348 ഹെക്ടറിലായി തെങ്ങ് കൃഷിയും 3720 ഹെക്ടറിലായി റബ്ബർ കൃഷിയും ചെയ്ത് വരുന്നു. കൂടാതെ വാഴ, കപ്പ, ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ, കശുമാവ്, മാവ്, പ്ലാവ്, വെറ്റില, കൊക്കോ, ജാതി തുടങ്ങിയവയും കൃഷി ചെയ്ത് വരുന്നുണ്ട്. എല്ലാ തരം പച്ചക്കറി വിളകളും കാര്യക്ഷമമായി ഉല്പ്പാദിപ്പിക്കാൻ അനുയോജ്യമായ മണ്ണായതുകൊണ്ട് തന്നെ പച്ചക്കറി കൃഷി വ്യാപകമായി പഞ്ചായത്തിൽ നടന്നു വരുന്നുണ്ട്. പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഹ്രസ്വകാല വിളയാണ് വാഴകൃഷി. വർദ്ധിച്ചു വരുന്ന പന്നിശല്ല്യം വാഴ കൃഷിക്ക് വലിയ ഭീഷണിയായി നിലനിൽക്കുന്ന ഒന്നാണ്. തെങ്ങിൻ തോപ്പുകളിലും റബ്ബർ കൃഷിയിടങ്ങളിലും ഇടവിളയായി പ്രോൽസാഹിപ്പിക്കാവുന്ന കൈതച്ചക്ക കൃഷിയും നിലവിൽ 3 ഹെക്ടറിലായി കൃഷി ചെയ്ത് വരുന്നുണ്ട്.

### പട്ടിക 2 : കാർഷിക വിളകൾ

| ഇനം | വിസ്തൃതി (ഹെക്ടർ) |
|---|---|
| നെൽകൃഷി | 25 |
| തോട്ടം | 4726 |
| പച്ചക്കറി | 54 |
| തെങ്ങ് | 348 |
| കമുക് | 632 |
| വാഴ | 186 |
| റബ്ബർ | 3720 |
| കപ്പ | 92 |
| ചേന | 4 |
| ചേമ്പ് | 3 |
| കശുമാവ് | 26 |
| മാവ് | 11 |
| പ്ലാവ് | 8 |
| വെറ്റില | 0.2 |
| മഞ്ഞൾ | 14 |
| ഇഞ്ചി | 12 |
| കൊക്കോ | 6 |
| ജാതി | 3 |
| ഫല വൃക്ഷങ്ങൾ | 12 |
| മറ്റ് കിഴങ്ങ് വർഗ്ഗങ്ങൾ | 14 |
| പൈനാപ്പിൾ | 3 |
| തരിശു നിലം | 212 |
| കൃഷിയോഗ്യമായ തരിശുനിലം | 44 |

*സ്രോതസ്സ്: കൃഷി ഭവൻ ബേസിക് ഡാറ്റാ രജിസ്റ്റർ*

ഒരു കാലത്ത് കാർഷികവൃത്തിക്ക് പേരുകേട്ട നാടായിരുന്നു എടവണ്ണ ഗ്രാമപഞ്ചായത്ത്. പരമ്പരാഗതമായി നെൽകൃഷി ചെയ്തിരുന്ന കർഷകർ ഉള്ള പ്രദേശമായിരുന്നു എടവണ്ണ. കാലാവസ്ഥാ

വ്യതിയാനവും കൃഷിരീതികളിലും വിളകളിലും വന്ന മാറ്റവും നെൽകൃഷിയെ പ്രതികൂലമായി ബാധിച്ചു. കാലാവസ്ഥയിൽ ഉണ്ടാവുന്ന മാറ്റങ്ങൾ, മഴലഭ്യതയിലും മണ്ണിന്റെ ഘടനയിലും വരുത്തിയ മാറ്റങ്ങൾ നെൽകൃഷിയെ സാരമായി ബാധിക്കുന്നു. കുറച്ചു വർഷങ്ങളായി ശക്തമായതും കാലം തെറ്റിയതുമായ മഴ, കഠിനമായ താപനില എന്നിവ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. കഠിനമായ ചൂട് വിളകൾ ഉണങ്ങിപ്പോകുന്നതിനും, വെള്ളപ്പൊക്കം വിളകൾ ചീഞ്ഞുപോകുന്നതിനും കാരണമാകുന്നു. കൂടാതെ വന്യമൃഗ ശല്യവും രൂക്ഷമായതോടുകൂടി നെൽകൃഷി പാടെ ഉപേക്ഷിക്കാനും നെൽപാടങ്ങൾ നികത്തി വാഴ, കവുങ്ങ്, പച്ചക്കറി പോലുള്ള മറ്റ് വിളകൾ കൃഷി ചെയ്യാനും കർഷകർ നിർബന്ധിതരാകുന്നു. കൃഷി യന്ത്രവൽക്കരിക്കുകയും വ്യവസായവൽക്കരിക്കുകയും ചെയ്യുക, ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തിൽ മുഴുവൻ പാടങ്ങളും ഉൾപ്പെടുത്തുക, നെൽവയലുകൾ നികത്തി മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് തടയുക, ജലസേചനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുക, അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ, വേനൽക്കാല തരിശ്ശില കൃഷി തുടങ്ങിയവയാണ് എടവണ്ണ ഗ്രാമപഞ്ചായത്തിൽ നെൽവയൽ സംരക്ഷിക്കാനായി ചെയ്യാൻ പറ്റുന്ന മാർഗങ്ങൾ.

## ഭൂപ്രകൃതി




*ചിത്രം 5: തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഭൂപ്രകൃതി ഭൂപടം (KSLUB&IITMK)*

മല, കുന്ന്, താഴ്‌വര, വയലുകൾ, തോട്, പുഴ എന്നിവയെല്ലാം ചേർന്നൊരു അനുഗ്രഹീത ഭൂപ്രദേശമാണ് എടവണ്ണ. ചിത്രം 5 ൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഭൂപ്രകൃതി ഭൂപടമാണ് കൊടുത്തിരിക്കുന്നത്. കുന്നുകൾ, പ്രളയ സമതലം, പീഠഭൂമി, ശിലാശേഷിപ്പുകൾ, താഴ്‌വര, ജലാശയം/നദി എന്നിങ്ങനെ പല വ്യത്യസ്ത ഭൂപ്രകൃതികൾ ചേർന്നൊരു ഭൂപ്രദേശമാണ് എടവണ്ണ. പഞ്ചായത്തിനെ ഫലഭൂയിഷ്ഠമാക്കിക്കൊണ്ട് മധ്യഭാഗത്തിലൂടെ ചാലിയാർ പുഴ ഒഴുകുന്നു. എരഞ്ഞിത്തോട്, കേലംതോട്, എടവണ്ണ വലിയതോട്, മഞ്ചേരി തോട്, തുവക്കാട് തോട്, ചെറാത്തൊടിക തോട്, ചെളിത്തോട് എന്നിവയും മറ്റു ഉപതോടുകളും ചാലിയാറിലേക്ക് ചേരുകയും ജലമേഖലയെ സമ്പുഷ്ടമാക്കുകയും ചെയ്യുന്നു. എന്നിരുന്നാലും, വർഷം തോറും ജലലഭ്യത കുറഞ്ഞു വരുന്ന പ്രവണതയാണ് കണ്ടുവരുന്നത്. പ്രാഥമിക ജല സ്രോതസ്സായ തോടുകളും, ചോലകളും വേനൽ കാലത്ത് വറ്റി വരളുന്നു. ജലാശയങ്ങളിലെ മലിനീകരണം വർദ്ധിക്കുന്നതുകൊണ്ട് ജലം ഉപയോഗശൂന്യമാകുന്നു. 2012 ഓഗസ്റ്റ് മുതൽ 2013 മേയ് വരെയുള്ള കാലയളവിൽ കടുത്ത വരൾച്ച അനുഭവിച്ചു. ഈ ദുരന്തം വിവിധ മേഖലകളെയും ജനങ്ങളെയും സാരമായി ബാധിച്ചു.




*ചിത്രം 6 : തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഭൂതല ഭൂപടം*

ചിത്രം 6 ലൂടെ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ ഭൂതലം വ്യക്തമായി മനസ്സിലാക്കാം. ഇളം പച്ച നിറം സൂചിപ്പിക്കുന്നത് 20 മീറ്ററോ അതിനു താഴെയോ കിടക്കുന്ന പ്രദേശത്തെയാണ്. അതിലെ തവിട്ട്

നിറത്തിലുള്ള മറ്റ് ചെറിയ വരകൾ ഉദ്ദേശിക്കുന്നത് ഭൂതലത്തിലുള്ള ഉയർച്ച താഴ്ച്ചകളെയാണ്. അടുത്തടുത്തുള്ള ഓരോ വരയും 40 മീറ്റർ ഇടവേളയാണ് സൂചിപ്പിക്കുന്നത്.

## മണ്ണിനങ്ങൾ

പഞ്ചായത്തിൽ പ്രധാനമായും കാണപ്പെടുന്നത് വെട്ടുകൽ (ലാറ്ററൈറ്റ്) മണ്ണാണ്. മലയോര പ്രദേശങ്ങളിൽ വനമണ്ണും പുഴയോരങ്ങളിൽ അലുവിയൽ മണ്ണും കാണപ്പെടുന്നു. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലായി കാണപ്പെടുന്ന വെട്ടുകൽ മണ്ണിൽ ശരാശരി 5.3ഉം അലുവിയൽ സോയിൽ 4.8 ഉം വനമണ്ണിൽ 5.9 ഉം പി. എച്ച് കാണപ്പെടുന്നു. പഞ്ചായത്തിലെ വിവിധ മണ്ണിനങ്ങൾ ചിത്രം 7 ൽ കാണാം.




| Soils Mapping Unit No. | Description Major soils |
|---|---|
| K09 | Very deep, well drained, gravelly clay soils with moderate surface gravelliness on moderately steeply sloping laterite mounts, with moderate erosion: Associated with deep, well drained, gravelly clay soils on gentle slopes. |
| K10 | Very deep, well drained, gravelly clay soils on gently sloping midland laterite with valleys of northern Kerala, with moderate erosion: Associated with deep well drained gravelly clay soils with moderate surface gravelliness and ironstone layer at 100 to 150 cm on nearly level lands, slightly eroded. |
| K22 | Very deep, well drained clayey soils on gently sloping low hills with isolated hillocks, with moderate erosion: Associated with deep well drained, gravelly clay soils on moderately steep slopes. |
| K24 | Deep, well drained, gravelly loam soils with ironstone layer at 100 to 150 cm on moderately steeply sloping medium hills with thin vegetation, with moderate erosion; Associated with rock outcrops. |
| K29 | Very deep, well drained, loamy soils on gently sloping uplands with valleys, with moderate erosion: Associated with very deep, well drained, loamy soils on gently slopes |

*ചിത്രം 7: തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ മണ്ണിനങ്ങളുടെ ഭൂപടം (KSLUB&IIITMK)*




*ചിത്രം 8: തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ മണ്ണിലെ ഓർഗാനിക് കാർബൺ ഭൂപടം*

മണ്ണിലെ ഓർഗാനിക് കാർബൺ എന്നത്, ചെടികളുടെയും ജൈവപദാർത്ഥങ്ങളുടെയും അവശിഷ്ടങ്ങൾ ക്ഷയിച്ച മണ്ണിൽ കണക്കാക്കപ്പെടുന്ന കാർബൺ സംഗ്രഹമാണിത്. ഇത് മണ്ണിന്റെ ഫലഭൂയിഷ്ടതക്കും കാലാവസ്ഥാ നിയന്ത്രണത്തിനും ഏറെ പ്രാധാന്യമുള്ളതാണ്. പ്രദേശത്തെ മണ്ണിലെ ഓർഗാനിക് കാർബൺ അളവിനെ സൂചിപ്പിക്കുന്നതാണ് ചിത്രം 8 ൽ കൊടുത്തിരിക്കുന്ന ഭൂപടം. മണ്ണിലെ കാർബൺ വ്യാപനത്തിന്റെ ഏറ്റവും കൂടിയ അളവും കുറഞ്ഞ അളവും ഭൂപടത്തിൽ കാണാം. ഉയർന്ന ഓർഗാനിക് കാർബൺ അളവുള്ള പ്രദേശങ്ങൾ വളരെ ചെറുതായി കാണാം. കാർബൺ അളവ് കൂടിയ ഇ ടങ്ങൾ പാരിസ്ഥിതികമായി ശോഷണം സംഭവിക്കാത്ത പ്രദേശങ്ങളാണ്. ഓർഗാനിക് കാർബൺ ഉള്ള മണ്ണിന് ജലസംഭരണ ശേഷി കൂടുതലായതിനാൽ, വരൾച്ചക്കാലങ്ങളിൽ കൃഷിക്ക്

വേണ്ടിയുള്ള ജലക്ഷാമം കുറയ്ക്കാൻ കഴിയും. എടവണ്ണയിൽ മണ്ണിന്റെ കാർബൺ നില കുറയുന്നതിലൂടെ, മഴക്കാലങ്ങളിൽ മണ്ണ് ഇളകിപ്പോകുന്നതിനും, ഉരുൾപൊട്ടലിനും സാധ്യത വർദ്ധിക്കും. മണ്ണിലെ ഓർഗാനിക് കാർബൺ കുറയുന്നതോടെ, മണ്ണിന്റെ ഉൽപ്പാദനക്ഷമത താഴുകയും കൃഷിയുടെ ഉൽപ്പാദനക്ഷമത കുറയുകയും ചെയ്യും. ഇത് കാർഷിക വിളകളുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കുകയും, കാലാവസ്ഥാ മാറ്റത്തെ കൂടുതൽ ദുഷ്കരമാക്കുകയും ചെയ്യുന്നു.

എടവണ്ണ ഗ്രാമപഞ്ചായത്തിലെ മണ്ണിന്റെ ഉൽപ്പാദന ശേഷിയെ അടിസ്ഥാനമാക്കി മൂന്ന് വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു (ചിത്രം 9). ഉൽപ്പാദന ശേഷി വളരെ കുറഞ്ഞ മണ്ണ്, കുറഞ്ഞ ഉൽപ്പാദന ശേഷിയുള്ളത്, മിതമായ ഉൽപ്പാദന ശേഷിയുള്ളത് എന്നിവയാണവ. പൊതുവെ എടവണ്ണയുടെ തെക്ക് പടിഞ്ഞാറ് ഭാഗങ്ങളിൽ മണ്ണിന്റെ ഉൽപ്പാദന ശേഷി കുറവാണ്. കിഴക്കൻ മേഖലയിൽ ചില സ്ഥലങ്ങൾ മിതമായ ഉൽപ്പാദന ശേഷിയുള്ളതായി കാണുന്നു. ഉൽപ്പാദനക്ഷമത വളരെ കുറഞ്ഞ മണ്ണ് ഉള്ള മേഖലകളിൽ മണ്ണ് സംരക്ഷണത്തിനും ജൈവവളങ്ങളുടെ ഉപയോഗത്തിനും മുൻഗണന നൽകണം.




*ചിത്രം 9: തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ മണ്ണിന്റെ ഉൽപ്പാദന ശേഷി ഭൂപടം (Source: ISRIC)*




*ചിത്രം 10: തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഭൂവിനിയോഗ ഭൂപടം (KSLUB)*

ചിത്രം 10 ൽ എടവണ്ണ ഗ്രാമ പഞ്ചായത്തിന്റെ ഭൂവിനിയോഗ ഭൂപടമാണ് നല്കിയിരിക്കുന്നത്. 2010–ൽ എടവണ്ണ പഞ്ചായത്തിലെ പ്രദേശങ്ങളിൽ ഏതെല്ലാം തരത്തിലുള്ള ഭൂവിനിയോഗങ്ങളാണ് ഉണ്ടായിരുന്നത് എന്ന് ഈ ഭൂപടത്തിലൂടെ കാണാൻ കഴിയും. എടവണ്ണ പഞ്ചായത്തിൽ നഗരവൽകരണം, വനനശീകരണം, കൃഷിഭൂമി തരംമാറ്റം എന്നെല്ലാം മനസിലാക്കാൻ ഭൂവിനിയോഗ ഭൂപടത്തിലൂടെ സാധിക്കും.

## പദ്ധതി ആശയങ്ങൾ

എടവണ്ണ ഗ്രാമപഞ്ചായത്തിൽ കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട് അനുഭവപ്പെടുന്ന സാഹചര്യങ്ങൾ കാർഷിക മേഖലയിൽ ഉളവാക്കുന്ന പ്രതിസന്ധികളെ പരിഹരിക്കുന്നതിനായും കാലാവസ്ഥ വ്യതിയാനത്തിന്റെ തീവ്രതയെ ലഘൂകരിക്കുന്നതിനായും ഈ പ്രോജക്ട് ലക്ഷ്യമിടുന്നു. ഇത് ഗ്രാമപഞ്ചായത്തിന്റെ കൃഷി, മൃഗ സംരക്ഷണം, മത്സ്യം തുടങ്ങി സംയോജിത ഉത്പാദന മേഖലയുടെ നവീകരണ പ്രോജക്റ്റാണ്.

### 1. പ്രോജക്ടിന്റെ ഉദ്ദേശം

ഈ പ്രോജക്ട് ഉത്പാദന മേഖലയിൽ വന്നുകൊണ്ടിരിക്കുന്ന വിളകളുടേയും പാൽ, മാംസം, മുട്ട, മത്സ്യം എന്നിവയുടെ ഉത്പാദനവർദ്ധനവും ലക്ഷ്യമിടുന്നു. ഉത്പാദന മേഖലയിൽ മൂല്യ വർദ്ധിത ഉത്പന്നങ്ങൾക്കുള്ള സാധ്യത കണ്ടെത്തി അതുവഴി തൊഴിൽ സാധ്യതയും വിപണനം വഴി സാമ്പത്തിക മേഖലയിൽ ഉണർവ്വും ലക്ഷ്യമിടുന്നു.

## 2. പ്രോജക്ടിന്റെ പശ്ചാത്തലം

മുൻ വർഷങ്ങളിൽ എടവണ്ണ ഗ്രാമപഞ്ചായത്ത് പ്രദേശത്തുണ്ടായ പ്രകൃതിക്ഷോഭ ദുരന്തങ്ങൾ ഉത്പാദന മേഖലയുടെ വളർച്ചയ്ക്ക് തടസ്സമായി. മൃഗസംരക്ഷണം, ജലസേചനം എന്നിവയിലെ പോരായ്മകൾ വിളവുകളിൽ ഉത്പാദന കുറവിന് കാരണമായി. തദ്വാര കർഷകരുടെ സാമ്പത്തിക വളർച്ചയും ജീവിത നിലവാരത്തിൽ കുറവും അനുഭവപ്പെട്ടു.

ഗ്രാമപഞ്ചായത്ത് ഭരണസമിതി ഉത്പാദന മേഖലയുടെ ഉണർവ്വിനായി 14742500 രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന പ്രോജക്ട് വിഭാവനം ചെയ്യുന്നു.

ആയതിലേക്കായി ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ട്, സ്പൈസസ് ബോർഡ്, അനെർട്ട്, നാളികേര വികസന ബോർഡ്, ഔഷധ സസ്യ ബോർഡ്, കൃഷി വകുപ്പിന്റെ വ്യത്യസ്ഥ പദ്ധതികൾ,MGNREGS, NMPB, PMKVY, ATMA, RKVY, SHM, Cluster Based Approach, IFS, Export Oriented Banana Cultivation, Development of Fruits and Medicinal Plants, NABARD,Agricultural Development and Farmer welfare department, Animal husbandry department, Fisheries Department,FFDA എന്നിവ വഴി പ്രോജക്ടുകൾ നടപ്പിലാക്കുന്നു.

## 3. പ്രോജക്ടുമായി ബന്ധപ്പെട്ട മറ്റ് അടിസ്ഥാന വിവരങ്ങൾ

**"എടവണ്ണ ഗ്രാമപഞ്ചായത്ത് കാലാവസ്ഥ വ്യതിയാന ലഘൂകരണം 2024-25"** എന്നാണ് ഈ പ്രോജക്ടിന്റെ പേര്. ഈ പ്രോജക്ട് എടവണ്ണ ഗ്രാമപഞ്ചായത്തിൻറെ നിർവ്വഹണ ഉദ്യോഗസ്ഥർ വഴി നടപ്പിലാക്കുന്നു.

## 4. നിർവ്വഹണ ചുമതല

കൃഷി, മണ്ണ് സംരക്ഷണം, ജലസേചന മേഖലയിലെ പദ്ധതികൾ കൃഷി ഓഫീസറും, മൃഗ സംരക്ഷണ മേഖലയിലെ പദ്ധതികൾ വെറ്റിനറി ഡോക്ടറും, നിർമ്മാണ പ്രവർത്തനങ്ങൾ LSGD അസിസ്റ്റന്റ് എഞ്ചിനീയറും, മത്സ്യമേഖലയിലെ പ്രവർത്തനങ്ങൾ മത്സ്യ ഭവൻ ഓഫീസേഴ്സും നടപ്പിലാക്കുന്നു.

## 5. പ്രൊജക്റ്റ് രൂപീകരണ പങ്കാളികൾ

പഞ്ചായത്ത് ഭരണസമിതി, സെക്രട്ടറി, മണ്ണ് സംരക്ഷണ ഓഫീസർ, കൃഷി ഓഫീസർ, വെറ്റിനറി ഡോക്ടർ, LSGD അസിസ്റ്റന്റ് എഞ്ചിനീയർ, മത്സ്യ ഭവൻ ഓഫീസർ, പ്രാദേശിക കർഷകർ.

## 6. ഫണ്ട് ലഭ്യതാ സാദ്ധ്യതകൾ

- ANERT
- Agriculture Development and Farmers welfare Department
- Fisheries Department
- Department of Animal Husbandry
- Spices Board
- National Medicinal Plant Board
- Plan fund/ own fund
- Coconut Development Board
- NABARD
- CSR fund

## 7. പരിശീലനങ്ങൾ

ഈ DPR ആയി ബന്ധപ്പെട്ട വ്യത്യസ്ത പരിശീലങ്ങൾക്കായി ATMA, Coconut Development Board, Indian Institute of Spices Research , Directorate of Cashew and Cocoa Development, Cadbury India, Kerala Agricultural University, Regional Agricultural Technological Training Center,Animal Husbandry Department, Agricultural Department,Fisheries Department എന്നിവയിലെ സാധ്യതകളെ ഉപയോഗിക്കാം .

## 8. നിർവ്വഹണ രീതി

ഗ്രാമസഭയിൽ കൂടി തിരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് പഞ്ചായത്ത് ഭരണസമിതി ഭരണാനുമതി നൽകി നിർവ്വഹണ ഉദ്യോഗസ്ഥർ വഴി പദ്ധതികൾ നടപ്പിലാക്കുന്നു. സഹായ സ്ഥാപനങ്ങൾ വഴി പദ്ധതി നിർവഹിക്കാവുന്നതാണ്.

താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി പദ്ധതി നിർവഹിക്കാവുന്നതാണ്. MoU (Memorandum of Understanding)

| ക്ര. നം. | വിവരണം | സ്ഥാപനം |
|---|---|---|
| 1 | Kottakkal Ayra Vydhaya Shala | ഗ്രാമപഞ്ചായത്ത്/കർഷക ഗ്രൂപ്പ്/ഗ്രൂപ്പുകളുടെ കൂട്ടായ്മ |
| 2 | Mattathur Labour contract Society | ഗ്രാമപഞ്ചായത്ത്/കർഷക ഗ്രൂപ്പ്/ഗ്രൂപ്പുകളുടെ കൂട്ടായ്മ |
| 3 | Other Farmer Groups | ഗ്രാമപഞ്ചായത്ത്/കർഷക ഗ്രൂപ്പ്/ഗ്രൂപ്പുകളുടെ കൂട്ടായ്മ |
| 4 | VFPCK | ഗ്രാമപഞ്ചായത്ത്/കർഷക ഗ്രൂപ്പ്/ഗ്രൂപ്പുകളുടെ കൂട്ടായ്മ |
| 5 | Horti Corp | ഗ്രാമപഞ്ചായത്ത്/കർഷക ഗ്രൂപ്പ്/ഗ്രൂപ്പുകളുടെ കൂട്ടായ്മ |

*പട്ടിക 3 : സഹായ സ്ഥാപനങ്ങൾ*

## 9. ഗുണഭോക്താക്കൾ

- ഗ്രാമപഞ്ചായത്തിലെ താമസക്കാർ, ഗ്രാമപഞ്ചായത്തിൽ കൃഷി സ്ഥലം ഉള്ള വ്യക്തിയോ കുടുംബമോ ആയിരിക്കണം.
- ഗ്രാമസഭയിൽ അംഗമായിരിക്കണം
- നാമമാത്ര/ചെറുകിട (നിബന്ധനകൾക്ക് വിധേയമായി) കർഷകൻ ആയിരിക്കണം

## 10. ഉത്തരവാദിത്വങ്ങളും ചുമതലകളും

- കർഷകർക്ക് പരമാവധി ധനസഹായം ലഭ്യമാകുന്ന തരത്തിൽ മുകളിൽ സൂചിപ്പിച്ച എല്ലാ സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുന്ന മുഴുവൻ ഫണ്ടുകളും ക്രോഡീകരിച്ച് മാനദണ്ഡങ്ങൾക്ക് വിധേയമായി ഓരോ മേഖലയിലും ഉപമേഖലയിലും പദ്ധതികൾ നടപ്പിലാക്കുന്നു.
- സാങ്കേതികവും സാമ്പത്തികവും ആയ സഹായങ്ങൾ ലഭ്യമാക്കുന്നു.
- ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ വഴി കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് നിർവ്വഹണ ഉദ്യോസ്ഥർ പദ്ധതി വഴിയുള്ള സഹായങ്ങൾ ലഭ്യമാക്കുന്നു.

## 11. പദ്ധതിയിൽ പങ്കുചേരുന്ന സ്ഥാപനങ്ങൾ

- CPCRI, IISR, ANERT, പാടശേഖര സമിതി, തെങ്ങ് കർഷക സമിതി, കുരുമുളക് കർഷക സമിതി, ക്ഷീര കർഷകൻ എന്നീ മേഖലകളിലെ അനുഭവ സമ്പന്നരായ കർഷകരും സാങ്കേതിക വിദഗ്ധരും.
- CSR ഫണ്ട് ലഭ്യമാക്കാവുന്ന സ്ഥാപനങ്ങൾ
- സാദ്ധ്യമായ മറ്റു അനുയോജ്യ മേഖലകൾ

## 12. പ്രതീക്ഷിക്കുന്ന ലക്ഷ്യങ്ങൾ

- നാളികേര ഉത്പാദനം– നിലനിൽക്കുന്ന 60 – 70 ഒരു മരത്തിന് എന്നത് പദ്ധതി പൂർത്തിയാകുമ്പോൾ 120 എന്നാക്കി ഉയരും.
- ഈ പ്രദേശത്തെ പ്രത്യേക കൃഷിയായ നനകിഴങ്ങ് വർഗ വിള 10 ഹെക്ടറിൽ നിന്ന് 100 ഹെക്ടർ വിസ്തൃതി വർദ്ധിപ്പിക്കുന്നു, ഉല്പാദന വർദ്ധനവ് 20 ടൺ ഹെക്ടറിന് എന്നത് 35 ടൺ ഹെക്ടറിന് എന്ന നിലയിലേക്ക് ഉയർത്താം.
- മൂല്യവർദ്ധിത ഉത്പന്നങ്ങളും സാധ്യതകൾ പ്രയോജനപ്പെടുത്തി യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ കുറയ്ക്കാം.

- കുളങ്ങൾ, തോടുകൾ, VCB എന്നിവരുടെ പുനരുദ്ധാരണം വഴി പഞ്ചായത്ത് പ്രദേശത്ത് ജലസേചന സൗകര്യം വർദ്ധിപ്പിക്കാം (MGNREGS ).
- ഗ്രാമപഞ്ചായത്തുകൾ വഴി പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന വസ്തുക്കൾ ഇടനിലക്കാരനെ ഒഴിവാക്കി ഉയർന്ന വില കർഷകർക്ക് ലഭ്യമാക്കാം.
- സോളാർ പമ്പുകളുടെ ഉപയോഗം വഴി ഈ ജനമേഖലയിൽ നേട്ടം ഉണ്ടാക്കാം.
- സൂക്ഷമ ജലസേചന പദ്ധതികൾ വഴി വെള്ളത്തിന്റെ ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കാം.
- കാലാവസ്ഥക്കനുസൃതമായുള്ള വിളകൾ ഉപയോഗിച്ച് ചെറുധാന്യ കൃഷിയിലും, നെൽകൃഷിയിലും കാര്യമായ വിള വിസ്തൃതിയും, ഉത്പാദന വർദ്ധനവും നേടിയെടുക്കാം.
- തരിശുഭൂമി കൃഷി യോഗ്യമാക്കുന്നു
- കാർഷിക വനവൽകരണം സാധ്യമാക്കുന്നു

## 13. പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

- കാർബൺ ബഹിർഗമനം കുറയുന്നു
- ശാസ്ത്രീയമായ മണ്ണ് ജല സംരക്ഷണം സാധ്യമാകുന്നു
- മണ്ണിന്റെ ഫലഭൂവിഷ്ടിത വർദ്ധിക്കുന്നു
- കർഷകരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നു
- മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം വഴി തൊഴിൽ സാധ്യതകൾ വർദ്ധിക്കുന്നു
- കാർബൺ ആഗിരണ തോത് വർദ്ധിക്കുന്നു

## 14. സംയോജിത കൃഷി സമ്പ്രദായം - Integrated Farming system (IFS): കാഴ്ചപ്പാട്

മണ്ണിന്റെ വളക്കൂറ് വർദ്ധിപ്പിക്കുവാനും കർഷകർക്ക് പ്രധാന കൃഷിയ്ക്ക് പുറമേയുള്ള വരുമാന മാർഗ്ഗം സൃഷ്ടിക്കുവാനും സംയോജിത കൃഷിരീതികൾ സഹായകമാണ്. കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന കീടങ്ങൾ, കളകൾ, രോഗങ്ങൾ എന്നിവ നിയന്ത്രിക്കുന്നതിനു വിവിധ രീതികളെ സമന്വയിപ്പിച്ചുകൊണ്ടുള്ള സമീപനം സ്വീകരിക്കേണ്ടതാണ്. ഇതിനായി കേന്ദ്ര/സംസ്ഥാനതല സർക്കാർ ഏജൻസികൾ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളെ (ഉദാ. KAU–യുടെ Package of Practices) അടിസ്ഥാനമാക്കേണ്ടതാണ്). കൃഷി, മൃഗസംരക്ഷണം, മത്സ്യകൃഷി എന്നിങ്ങനെയുള്ള കൃഷികൾ ഉൾപ്പെടുന്ന സംയോജിത സമ്പ്രദായം അവലംബിച്ച് ഭൂമിയിൽ നിന്ന് പരമാവധി വരുമാനം കർഷകർക്ക് ലഭിക്കുന്ന പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകുന്നത്. ഇതിനായി ഓരോ കൃഷിയിടത്തിന്റെയും ഉൽപാദന പദ്ധതി തയ്യാറാക്കി, അതിന്റെ അടിസ്ഥാനത്തിൽ ഉത്പാദകർക്ക് സഹായം നൽകാൻ പ്രോജക്ട് ലക്ഷ്യമിടുന്നു. മണ്ണ്, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, വനവത്കരണം തുടങ്ങിയ ഇടപെടലുകൾ ഇതിന്റെ ഭാഗമാണ്.

## 15. സംയോജിത കൃഷി സമ്പ്രദായം : സമീപനം

സുസ്ഥിരമായ കൃഷിയും ഗ്രാമീണ വികസനവും ലക്ഷ്യമിട്ടുള്ള **സംയോജിത കൃഷി** (Integrated Farming System) പദ്ധതി രൂപീകരിക്കുമ്പോൾ, വിവിധ ഘടകങ്ങളെ ഏകോപിപ്പിച്ച് ഒരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. സംയോജിത കൃഷിരീതികൾ (Integrated Farming System – IFS) പ്രാവർത്തികമാക്കുന്നതിനാൽ കർഷകരുടെ ഉപജീവന സുരക്ഷയും പരിസ്ഥിതി സുസ്ഥിരതയും ഉറപ്പാക്കാൻ കഴിയും. ഈ രീതി വിവിധ കൃഷിരീതികളെ പരസ്പരം സഹായിക്കുന്ന രീതിയിലുള്ള സംയോജനവും ഉൾക്കൊള്ളുന്നതിനാൽ, പരമാവധി ഉൽപാദനക്ഷമത കൈവരിക്കാനും സഹായിക്കും.

സംയോജിത കൃഷിരീതിയിലൂടെ കൃഷിയുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് വിളകളുടെ വൈവിധ്യം ഉറപ്പാക്കുകയും കർഷകരുടെ വരുമാനം സ്ഥിരതയുള്ളതാക്കുകയും ചെയ്യുന്നു. വിവിധ വിളകളുടെയും മൃഗസംരക്ഷണത്തിന്റെയും മത്സ്യകൃഷിയുടെയും ഏകോപിതമായ സമഗ്ര സംവിധാനത്തിലൂടെ, മണ്ണിന്റെ പോഷകത്വം നിലനിർത്തുകയും വള പ്രയോഗം കുറയ്ക്കുകയും ചെയ്യാം.

പരിസ്ഥിതി സൗഹൃദ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ രാസവളങ്ങൾക്കും കീടനാശിനികൾക്കും ആശ്രിതത്വം കുറയ്ക്കാനും പ്രകൃതിദത്ത കൃഷിരീതികൾക്ക് മുൻഗണന നൽകാനുമാകും. ജൈവവളങ്ങൾ, മണ്ണിന്റെ ജൈവവൈവിധ്യം സംരക്ഷിക്കുന്ന രീതികൾ, സൂക്ഷ്മ ജലസേചനം

എന്നിവ സംയോജിത കൃഷിരീതിയുടെ പ്രധാന ഘടകങ്ങളാണ്.

ജലസംരക്ഷണവും ശുദ്ധജലലഭ്യതയും മെച്ചപ്പെടുത്തുന്നതിനായി മഴവെള്ള സംഭരണം, പുതയിടൽ, സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ എന്നിവ ഉപയോഗപ്പെടുത്തുകയും, പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ (സോളാർ പമ്പുകൾ) ഉപയോഗിച്ച് കൃഷി വിപുലീകരിക്കാനും കഴിയുന്നു.

ഉപജീവന സുരക്ഷ ഉറപ്പാക്കുന്നതിനായി സമഗ്ര കൃഷിരീതി കാർഷിക അടിസ്ഥാന സൗകര്യങ്ങളും വിപണന സൗകര്യങ്ങളും വികസിപ്പിച്ചെടുക്കുകയും, കർഷകരുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുകയും ചെയ്യും. കൂടാതെ, വിവിധ വിളകൾ ഒരുമിച്ച് കൃഷിചെയ്യുന്നതിലൂടെ പ്രതീക്ഷിക്കാത്ത കാലാവസ്ഥാ മാറ്റങ്ങളും വിലയിടിവും മൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടങ്ങൾ കുറയ്ക്കാൻ കഴിയും.

സമഗ്ര കൃഷിരീതി നടപ്പാക്കുന്നതിനായി കർഷകർക്ക് പരിശീലനം നൽകുകയും പുതിയ സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ഇതിലൂടെ കാർഷിക രംഗം കൂടുതൽ ദൃഢമാകുകയും സ്ഥായിയായ സമ്പദ്‌വ്യവസ്ഥാ വളർച്ചക്ക് വഴിയൊരുക്കുകയും ചെയ്യും.

## 16. സംയോജിത കൃഷി: പ്രധാന ഘടകങ്ങൾ

### a) തോട്ടക്കൃഷിയും കാർഷികമേഖലയും (Horticulture & Agriculture)

പോഷക സമൃദ്ധിയുള്ള പച്ചക്കറികൾ, പഴവർഗങ്ങൾ, മറ്റു ഭക്ഷ്യധാന്യങ്ങൾ എന്നിവയുടെ സംയോജിത കൃഷി. വിവിധ വിളകളുടെ കൃഷിരീതി പ്രാദേശിക കാലാവസ്ഥയും മണ്ണിന്റെ ഗുണനിലവാരവും കണക്കിലെടുത്ത് ആസൂത്രണം ചെയ്യുന്നു.

### b) സാമൂഹ്യ ആരോഗ്യ പരിരക്ഷ (Social Health Care)

കർഷകരുടെയും തൊഴിലാളികളുടെയും ആരോഗ്യം സംരക്ഷിക്കാനുള്ള ഉചിതമായ മെഡിക്കൽ സൗകര്യങ്ങൾ ഉറപ്പാക്കുന്നു.

ആരോഗ്യകരമായ ഭക്ഷണ ശീലങ്ങളും ശുചിത്വ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നു.

### c) ജല സംരക്ഷണം (Water Harvesting & Management)

മഴവെള്ള സംഭരണം (Rainwater Harvesting) സംവിധാനങ്ങൾ രൂപീകരിക്കുന്നു. ചെറുകിട കുളങ്ങളും കനാലുകളും നിർമ്മിച്ച് ജല സംരക്ഷണം ഉറപ്പാക്കുന്നു. കുളങ്ങളുടെയും തോടുകളുടെയും നവീകരണം സംരക്ഷണം, തടയിണകൾ (Check Dams) കെട്ടിപ്പടുക്കൽ എന്നിവ വഴി ജല സംഭരണം വർദ്ധിപ്പിക്കുന്നു.

### d) വിള പരിപാലനം (Crop Management)

ഭൂവിനിയോഗ മാനദണ്ഡങ്ങൾ പാലിച്ച് വിളകൾ തെരഞ്ഞെടുത്ത് നന്നായി പരിപാലിക്കുന്നു. വ്യത്യസ്ത സമയങ്ങളിൽ വിവിധ വിളകൾ കൃഷിചെയ്യുന്നതിനുള്ള പരമ്പരാഗത രീതി പിന്തുടരുന്നു. കാലാവസ്ഥ വ്യതിയാനം കണക്കിലെടുത്തുകൊണ്ട് നവീകരിച്ച വിളക്രമം (crop Calendar) തയ്യാറാക്കുന്നു

### e) കീടനിയന്ത്രണം (Integrated Pest Management)

സംയോജിത കീടനിയന്ത്രണ മാനദണ്ഡങ്ങൾ ഉപയോഗിച്ച് പരിസ്ഥിതി സൗഹൃദ കീട നിയന്ത്രണ രീതികൾ പ്രോത്സാഹിപ്പിക്കുന്നു. Pseudomonas, Trichoderma, തുടങ്ങിയ എന്റോമോഫാഗുകൾ (Entomophages) പോലുള്ള പ്രകൃതിദത്ത കീടനിയന്ത്രണ മാർഗങ്ങൾ സ്വീകരിക്കുന്നു.

### f) ഊർജ സംരക്ഷണവും ഉപയോഗവും (Energy Management)

ബയോ ഗ്യാസ് പ്ലാന്റുകൾ, സൗരോർജ ഉപകരണങ്ങൾ, മുതലായ പരിസ്ഥിതി സൗഹൃദ ഊർജ മാർഗങ്ങൾ പ്രോത്സാഹിപ്പിക്കുന്നു.

### g) Post-Harvest മാനേജ്മെന്റ്

വിളകളുടെ ശേഖരണം, സംരക്ഷണം, പ്രോസസ്സിംഗ് എന്നിവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നു. വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും പുതിയ മാർക്കറ്റിംഗ് തന്ത്രങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു.

### h) ശേഷിവികസനം (Information & Skilling)

കർഷകരുടെ ശേഷിവികസനം ഉറപ്പാക്കുന്നതിനായി പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു. ഡിജിറ്റൽ ടെക്നോളജി ഉപയോഗിച്ച് കർഷകരെ കൂടുതൽ വിവരസമ്പന്നരാക്കുക.ഓട്ടോമാറ്റിക് വെതർ

സ്റ്റേഷനുകളിൽ നിന്ന് ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രാദേശിക കൃഷി രീതികളും നടത്തേണ്ട ഇടപെടലുകളും മാറ്റങ്ങളും സമയബന്ധിതമായി കർഷകരിലേക്ക് എത്തിക്കുന്നു.

**i) സൂക്ഷ്മ ജലസേചനം (Micro Irrigation Management)**

കണിക ജലസേചനം (Drip Irrigation) പോലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ജലക്ഷാമം നേരിടുന്നു. കണിക ജലസേചന സാധ്യതകൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതിലൂടെ ഫെർട്ടിഗേഷൻ പോലുള്ള ആധുനിക കൃഷി രീതികൾ അവലംബിക്കാൻ സാധ്യമാക്കുന്നു. സ്പ്രിംഗ്ലർ ഇറിഗേഷൻ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു.

**j) പോഷക മൂല്യ പരിപാലനം (Nutrient Management)**

ജൈവ വള നിർമ്മാണ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നു. ജീവാണു വളങ്ങളുടെ ഉൽപാദനവും ഉപയോഗവും വർദ്ധിപ്പിക്കുന്നു. കിച്ചൻ കമ്പോസ്റ്റിംഗ് രീതികൾ പ്രോത്സാഹിപ്പിക്കുന്നു. (ബയോ ബിൻ, വെർമ്മി കമ്പോസ്റ്റ്, തുമ്പൂർമുഴി). മണ്ണിന്റെ ഫലഭൂവിഷ്ടിത വർദ്ധിപ്പിക്കുന്ന പയറുവർഗങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നു.

## 17. പദ്ധതി നടപ്പിലാക്കാനുള്ള നടപടിക്രമങ്ങൾ

- ആവശ്യകതാ വിശകലനം – പ്രദേശത്ത് നേരിടുന്ന പ്രധാന പ്രശ്നങ്ങൾ വിലയിരുത്തുക.
- പദ്ധതി രൂപരേഖ തയ്യാറാക്കുക – ഓരോ മേഖലയുടെ വ്യക്തമായ പദ്ധതികൾ തയ്യാറാക്കുക.
- സർക്കാർ–സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കുക – സർക്കാരിന്റെയും പ്രാദേശിക സംഘടനകളുടെയും പിന്തുണ ഉറപ്പാക്കുക.
- നടപ്പാക്കൽ തന്ത്രം – പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുക.
- പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ നിർവഹണം, വിലയിരുത്തൽ എന്നിവ നിശ്ചിത ഇടവേളകളിൽ പഠനം നടത്തി മെച്ചപ്പെടുത്തലുകൾ കൊണ്ടുവരുന്നു.

ഈ ഘടന അനുസരിച്ച് സമഗ്ര കൃഷി സംവിധാനങ്ങൾ നടപ്പിലാക്കുന്നതിലൂടെ ഇടവണ്ണ ഗ്രാമപഞ്ചായത്തിലെ കർഷകരുടെ ജീവിത നിലവാരം ഉയർത്താനും പരിസ്ഥിതി സംരക്ഷണവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുവാനും സാധിക്കും.

## 18. പ്രോജക്ട് ഘടകങ്ങൾ

സംയോജിത കൃഷി

- തെങ്ങ്
- കമുകിനങ്ങൾ
- വാഴ ഇനങ്ങൾ
- ഇഞ്ചി, മഞ്ഞൾ
- ചേന
- ജാതി (Nutmeg)
- കുരുമുളക്
- തീറ്റപ്പുൽ കൃഷി
- ചെറുകിഴങ്ങ്/നന കിഴങ്ങ്/ Little Yam
- ചെറുധാന്യ കൃഷി,
- കൃഷി കൂട്ടങ്ങൾ (Lessor Yam)
- ഔഷധസസ്യങ്ങളുടെ കൃഷി
- വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ


സംയോജിത കൃഷി സമ്പ്രദായം
തോട്ടക്കൃഷിയും കാർഷികമേഖലയും
പോഷക സമൃദ്ധിയുള്ള പച്ചക്കറികൾ, പഴവർഗങ്ങൾ, മറ്റു ഭക്ഷ്യധാന്യങ്ങൾ എന്നിവയുടെ സംയോജിത കൃഷി
സാമൂഹ്യ ആരോഗ്യ പരിരക്ഷ
കർഷകരുടെയും തൊഴിലാളികളുടെയും ആരോഗ്യം സംരക്ഷിക്കാനുള്ള ഉചിതമായ മെഡിക്കൽ സൗകര്യങ്ങൾ ഉറപ്പാക്കുന്നു
ജല സംരക്ഷണം
കുളങ്ങളുടെയും തോടുകളുടെയും നവീകരണം സംരക്ഷണം, തടയിണകൾ കെട്ടിപ്പടുക്കൽ എന്നിവ വഴി ജല സംഭരണം വർദ്ധിപ്പിക്കുന്നു
വിള പരിപാലനം
കാലാവസ്ഥ വ്യതിയാനം കണക്കിലെടുത്തുകൊണ്ട് നവീകരിച്ച വിളക്രമം
കീടനിയന്ത്രണം
സംയോജിത കീടനിയന്ത്രണ മാനദണ്ഡങ്ങൾ ഉപയോഗിച്ച് പരിസ്ഥിതി സൗഹൃദ കീട നിയന്ത്രണ രീതികൾ പ്രോത്സാഹിപ്പിക്കുന്നു
പോഷക മൂല്യ പരിപാലനം
ജൈവ വള നിർമ്മാണ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നു. ജീവാണു വളങ്ങളുടെ ഉൽപാദനവും ഉപയോഗവും വർദ്ധിപ്പിക്കുന്നു. കിച്ചൻ കമ്പോസ്റ്റിംഗ് രീതികൾ പ്രോത്സാഹിപ്പിക്കുന്നു.
സൂക്ഷ്മ ജലസേചനം
കണിക ജലസേചന സാധ്യതകൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതിലൂടെ ഫെർട്ടിഗേഷൻ പോലുള്ള ആധുനിക കൃഷി രീതികൾ അവലംബിക്കാൻ സാധ്യമാക്കുന്നു.
ശേഷിവികസനം
.ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളിൽ നിന്ന് ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രാദേശിക കൃഷി രീതികളും നടത്തേണ്ട ഇടപെടലുകളും മാറ്റങ്ങളും സമയബന്ധിതമായി കർഷകരിലേക്ക് എത്തിക്കുന്നു.
Post-Harvest മാനേജ്മെന്റ്
വിളകളുടെ ശേഖരണം, സംരക്ഷണം, പ്രോസസ്സിംഗ് എന്നിവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നു.
ഊർജ്ജ സംരക്ഷണം
സൗരോർജ്ജ ഉപകരണങ്ങൾ, മുതലായ പരിസ്ഥിതി സൗഹൃദ ഊർജ്ജ മാർഗങ്ങൾ പ്രോത്സാഹിപ്പിക്കുന്നു.



*Arecanut+Vegetables+Banana*



*Arecanut + Banana*



*Coconut+Turmeric*



*Coconut+Tapioca+Arecanut+Pepper*

## One Unit Minimum 0.25 AC

സ്ഥലത്തിന്റെ ലഭ്യത അനുസരിച്ച് ഒരു കർഷകന് കൂടുതൽ യൂണിറ്റുകൾ കൊടുക്കാം. ചെറുകിട നാമമാത്ര കർഷകരെയാണ് പരിഗണിക്കേണ്ടത്.

| നം. | ഒരു യൂണിറ്റിൽ പ്രതീക്ഷിക്കുന്ന വിളകൾ | എണ്ണം/ അകലം |
|---|---|---|
| 1 | നിലവിലുള്ള തെങ്ങുകൾ | 18 |
| 2 | നിലവിൽ ഉള്ള കവുങ്ങുകൾ | 50 |
| 3 | വാഴ | 10–15 |
| 4 | ഇഞ്ചി/ മഞ്ഞൾ | 5 m × 1 m–2 Nos 5 m × 1.2 m–2 Nos |
| 5 | ചേന, ചേമ്പ് | 10 മൂട് |
| 6 | ചെറുകിഴങ്ങ് (lesser yam) | 10 മൂട് |
| 7 | ജാതി (NutMeg) ബഡ്/ഗ്രാഫ്റ്റ് തൈകൾ | 5 എണ്ണം |
| 8 | കുരുമുളക് | 10–15 സ്റ്റാൻഡ്സ് |
| 9 | കോഴി/താറാവ് | |
| 10 | ആട്/പശു/മത്സ്യം | |

*പട്ടിക 4 : ഒരു യൂണിറ്റിൽ പ്രതീക്ഷിക്കുന്ന വിളകൾ*

## 19. സംയോജിത കൃഷി വിവര പട്ടിക

| ക്രമ നം. | വിള വിവരം | നിരക്ക് എണ്ണം | നിരക്ക്(രൂപയിൽ ) | ജനറൽ | SC/ST |
|---|---|---|---|---|---|
| 1 | തെങ്ങ് പ്രായമായതും ഉല്പാദന ക്ഷമത കുറഞ്ഞതും ആയ തെങ്ങുകൾ മാറ്റുന്നതിന് | 5 എണ്ണം | 2000 /- | 10000 /- | 10000 /- |
| | പുതിയ അത്യുല്പാദന ശേഷിയുള്ള തൈകൾ | 5 എണ്ണം | 150 /- | 562 /- | 750/- |
| 2 | കവുങ്ങ് രോഗം ബാധിച്ചതും പ്രായമായതും ആയ കമുകിൻ തൈകൾ മാറ്റുന്നതിന് | 10 എണ്ണം | 400 /- | 4000 /- | 4000 /- |
| | പുതിയ അത്യുല്പാദന ശേഷിയുള്ള തൈകൾ | 10 എണ്ണം | 30 /- | 225 /- | 225 /- |
| 3 | വാഴ ടിഷ്യു കൾച്ചർ തൈകൾ | 5 എണ്ണം | 12 /- | 60 /- | 60 /- |
| | മറ്റിനം വാഴ തൈകൾ ( ഞാലി പൂവൻ , മൈസൂർ പൂവൻ , കണ്ണൻ, കദളി തുടങ്ങിയവ ) | 10 എണ്ണം | 15 /- | 150 /- | 150 /- |
| 4 | ഇഞ്ചി 5 മീ * 1 മീ , വീതം 2 തവാരണകൾ / തടങ്ങൾ | വിത്ത് 1 .5 kg | 80 /- | 120/- | 120/- |
| 5 | മഞ്ഞൾ 5 മീ * 1 . 2 മീ , വീതം 2 തവാരണകൾ / തടങ്ങൾ | വിത്ത് 2 kg | 50 /- | 100 /- | 100 /- |
| 6 | ചേന 10 മൂട് | 1 kg | 40 /- | 40 /- | 40 /- |
| 7 | പാൽ ചേമ്പ് 30 ഗ്രാം വീതം 10 മൂട് | 300 g | 12/- | 12/- | 12/- |
| 8 | ചെറു കിഴങ്ങ് (Lesser Yam ) | 1 kg | 50 /- | 50 /- | 50 /- |
| 9 | കുരുമുളക് | ഉല്പാദന ക്ഷമത കുറഞ്ഞ പ്രായമായ കൊടികൾ കൃഷി വകുപ്പിന്റെയോ, സ്‌പൈസസ് ബോര്ഡിന്റെയോ പദ്ധതികളിൽ ഉൾപ്പെടുത്തി പുനരുജ്ജീവന നടപടികൾ സ്വീകരിക്കേണ്ടതാണ് | | | |
| | പുതിയ തൈകൾ നടീൽ | ഒരു താങ്ങ് കാലിന് 2 വേരുപിടിപ്പിച്ച തൈകൾ, 10 കാലുകൾ | 8 /- | 160 /- | 160 /- |

*പട്ടിക 5 : സംയോജിത കൃഷി വിവര പട്ടിക*

മേൽ പട്ടികയിൽ കാണിച്ചിട്ടുള്ള വിളകൾ കൃഷി ചെയ്യുന്നതിനായുള്ള കുഴിയെടുക്കൽ, ഏരിമാടൽ തുടങ്ങിയ കൃഷിപ്പണികൾ തൊഴിലുറപ്പ് (MGNREGS) പദ്ധതിയിലെ സാധ്യതകൾ ഉപയോഗപ്പെടുത്താം.

### തെങ്ങ്

തെങ്ങ് കൃഷി തനി വിളയായും പ്രധാന വിളയായും ചെയ്യുന്ന കൃഷിയിടങ്ങളിൽനിന്ന് ഇപ്പോൾ ശരാശരി ഉത്പാദനം 70 നാളികേരമെന്നതിൽ നിന്ന്, ഒരു തെങ്ങിന് 120 നാളികേരം എന്ന ലക്ഷ്യത്തിലേക്ക് എത്തുന്നു. ആദ്യഘട്ട ലക്ഷ്യം എന്ന നിലയിൽ ലക്ഷ്യം 100 ഹെക്ടർ തെങ്ങ് കൃഷി പ്രദേശം പരിഗണിക്കാം.

ആയതിനായി പ്രായമായതും ഉല്പാനദക്ഷമത ഇല്ലാത്തതുമായ തെങ്ങുകൾ മുറിച്ചുമാറ്റി അത്യുൽപാദന ശേഷിയുള്ള പുതിയ ഇനം തൈകൾ നടുന്നു.



തെങ്ങ് കൃഷിക്ക് ശാസ്ത്രീയ കൃഷി മുറകൾ പാലിക്കുക. മണ്ണ് പരിശോധനയിലൂടെ ജൈവ ധാതു മൂലകങ്ങളുടെ കുറവ് കണ്ടെത്തി അനുയോജ്യമായ വിള പരിപാലന രീതികൾ അനുവർത്തിക്കുന്നു.

തെങ്ങ് കൃഷിയിൽ ജലസേചനം കൊണ്ട് തന്നെ വിളവ് വർദ്ധന സാധ്യമാണ്. ശുദ്ധജല ലഭ്യത കുറഞ്ഞ പ്രദേശങ്ങളിൽ ഫ്ലഡ്ഡ് ഇറിഗേഷന് പകരം സൂക്ഷ്മ ജലസേചനം പരിപാടികൾ ഉപയോഗപ്പെടുത്താം. കൃഷിവകുപ്പ് നടപ്പിലാക്കുന്ന RKVY പദ്ധതി, യൂസ് ഓഫ് പ്ലാസ്റ്റിക് ഇൻ അഗ്രികൾച്ചർ (mulching), സൂക്ഷ്മ ജലസേചന പദ്ധതി എന്നിവയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുന്നു. തെങ്ങ്, കവുങ്ങ്, ജാതി തുടങ്ങിയ വിളകൾക്ക് ഈ പദ്ധതി ഗുണപ്രദമാണ്.

തെങ്ങിന്റെ വിള പരിപാലനത്തിനായി കാർഷിക സർവകലാശാലയുടെ പാക്കേജ് പ്രാക്ടീസ് അനുസരിച്ചും സ.ഉ(കൈ)നം.115/2022/ തസ്വഭവ തീയതി 28/ 05 / 2022 ന്റെ മാനദണ്ഡങ്ങൾ പരിപാലിക്കേണ്ടതാണ്. ജൈവവളത്തിനും രാസവളത്തിനും കുറക്കുന്നതിനുള്ള ഡോളോമൈറ്റ് കുമ്മായവസ്തുക്കൾ എന്നിവ ഉപയോഗപ്പെടുത്തുന്നു. ഈ ഇനങ്ങൾക്ക് മേൽ ഉത്തരവിൽ പറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

*സൂചന: സംയോജിത കൃഷി വിവര പട്ടിക കാണുക*

ഈ പ്രദേശത്ത് തെങ്ങ് കൃഷിക്ക് പ്രധാന ഭീഷണിയായി നിൽക്കുന്ന കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി എന്നീ കീടങ്ങളിൽ നിന്നും തെങ്ങിനെ രക്ഷിക്കേണ്ടതുണ്ട്. തെങ്ങിന്റെ മണ്ട വൃത്തിയാക്കുകയും കൂമ്പിലും തൊട്ടടുത്ത പട്ടകൾക്കിടയിലും ആറ്റുമണലും നാഫ്തലിൻ ഗുളികളും ഇടുന്നത് ഗുണപ്രദം ആണ്. ആയത് പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും നടപ്പിലാക്കാം. പദ്ധതി വിഹിതത്തിൽ നിന്നോ മറ്റ് സ്രോതസ്സുകളിൽ നിന്നോ ഫണ്ട് ലഭ്യമാക്കണം.

അത്യുൽപാദന ശേഷിയുള്ള ഇനങ്ങൾ നടുന്നതിനൊപ്പം ഇളനീരിനായി ഉപയോഗിക്കുന്ന ഇനങ്ങളും നടാവുന്നതാണ്. കേരസങ്കര, ഗംഗാബോണ്ടം, ചാവക്കാട് ഗ്രീൻ ഡ്വാർഫ്, ചാവക്കാട് ഓറഞ്ച് ഡ്വാർഫ്, കൊച്ചിൻ ചൈന, കൽപരക്ഷ എന്നീ ഇനങ്ങൾ ഇളനീരിനായി ഉപയോഗിക്കാം.

ഇളനീരിനുള്ള തേങ്ങകൾ നേരത്തെ വിളവെടുക്കുന്നതിനാൽ ഉത്പാദനം കൂടുകയും, കർഷകന് കൂടിയവില ലഭിക്കുന്നു. ഇപ്പോൾ കേരളത്തിൽ ഇളനീര് കുപ്പികളിലാക്കി ശേഖരിച്ച് വിൽപന നടത്തുന്നുണ്ട്. ഈ സാദ്ധ്യത നമുക്ക് ഉപയോഗപ്പെടുത്താം.

തെങ്ങ് കൃഷിക്ക് ശാസ്ത്രീയ പരിചരണവും ആവശ്യമായ വള പ്രയോഗവും (ജൈവ രീതികളോ, രാസവളം ഉൾപ്പെടുന്ന രീതിയോ) ഉപയോഗിക്കാം – As per Package of Practices, Kerala Agricultural University)

### കമുകിനങ്ങൾ

കമുകിനങ്ങൾ സുസ്ഥിര വിളവ് തരുന്ന ഉയരം കുറഞ്ഞ, കീടരോഗബാധയെ പ്രതിരോധിക്കുന്ന ഇനങ്ങൾ നടീലിനായി ഉപയോഗിക്കാം. (VTLAH – 1, VTLAH –2, മറ്റു പ്രാദേശിക കമുകിനങ്ങൾ). കമുകൾക്കായി ശാസ്ത്രീയ പരിചരണ മുറകൾ സ്വീകരിക്കുകയും കമുകിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യാം.

പ്രായമായതും രോഗബാധിതവും, ഉത്പാദന ശേഷി കുറഞ്ഞതുമായ കമുകുകൾമാറ്റി പുതിയവ നട്ട് പിടിപ്പിക്കാം. പുതിയവ നട്ട് പിടിപ്പിക്കുന്നതിനായി 14th പദ്ധതി മാർഗ്ഗരേഖയിൽ (സ.ഉ(കൈ) നം.115/2022/ തസ്വഭവ തീയതി 28/ 05 / 2022) നിർദ്ദേശിച്ചിട്ടുള്ള സബ്സിഡി മാനദണ്ഡങ്ങൾ താഴെ പട്ടികയിൽ പരാമർശിച്ചിട്ടുണ്ട്.

*സൂചന: സംയോജിത കൃഷി വിവര പട്ടിക കാണുക*

| Physical | | Financial | |
|---|---|---|---|
| Area | No | Rate | Total |
| 15 ഹെക്ടർ | 11250 | 30 | 337500 |

*പട്ടിക 6 : സബ്സിഡി മാനദണ്ഡങ്ങൾ ( കവുങ്ങ് )*





## വാഴ ഇനങ്ങൾ

പുരയിടങ്ങളിൽ മറ്റ് വിളകൾക്കൊപ്പം നേന്ത്രൻ അല്ലാത്ത വാഴ ഇനങ്ങൾ കൃഷി ചെയ്യാം. മൈസൂർ പൂവൻ, കണ്ണൻ, കദളി, ക്ലമ്പില്ലാ കണ്ണൻ, കർപ്പൂരവള്ളി, BRS I, BRS II, റോബസ്റ്റ, പൂവൻ രസകദളി, 0.25 ഏക്കർ പുരയിടത്തിൽ 10–15 എണ്ണം വരെ നട്ട് കൊടുക്കാം.

*കയറ്റുമതി ലക്ഷ്യമാക്കി വാഴ കൃഷി*

വാഴ കൃഷിയിൽ നേന്ത്രവാഴയും ജി 9 വാഴകളും കയറ്റുമതി ലക്ഷ്യമാക്കി കൃഷി ചെയ്യുന്നു. അനുയോജ്യമായ വാഴ ഇനങ്ങൾ കൃഷി ചെയ്ത് കയറ്റുമതി ചെയ്യുന്നത് വഴി കർഷകനു സാമ്പത്തിക സ്ഥിതി മെച്ചപ്പെടുകയും വിപണനം എളുപ്പമാവുകയും ചെയ്യുന്നു. സ.ഉ(കൈ)നം.115/2022/ തസ്വഭവ തീയതി 28/ 05 / 2022 അനുസരിച്ചോ , കൃഷി വകുപ്പ് മാനദണ്ഡ പ്രകാരം ധനസഹായം ഹെക്ടറിനെ ലഭ്യമാക്കാവുന്നതാണ്. തരിശു പ്രദേശങ്ങൾ ലഭ്യമായ ഈ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പരീക്ഷണാടിസ്ഥാനത്തിൽ 10 ഹെക്ടർ സ്ഥലത്ത് വാഴകൃഷി ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്നു.

കായപ്പൊടിച്ച് മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റ് ആരംഭിക്കുകയോ ഇപ്പോൾ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് റോ മെറ്റീരിയൽ ആയി കായ ലഭ്യമാക്കുകയും ചെയ്യുന്നു. അതിന് അനുയോജ്യമായി ഇനങ്ങൾ നടുകയും യൂണിറ്റുകളായി MoU തയാറാക്കി പ്രവർത്തിക്കാവുന്നതുമാണ്.

| ഇനം | ലക്ഷ്യം | ഭൗതിക ലക്ഷ്യം | | സാമ്പത്തിക ലക്ഷ്യം | |
|---|---|---|---|---|---|
| | | വിസ്തീർണം | എണ്ണം (ഹെക്ടറിന് 2200 എണ്ണം) | നിരക്ക് (ഹെക്ടറിന്) | തുക |
| വാഴ | 15 ഹെക്ടർ വീതം ഓരോ വർഷവും അകെ 75 ഹെക്ടർ | 75 ഹെക്ടർ | 165000 | 35000 | 2625000 |

*പട്ടിക 7 : സബ്സിഡി മാനദണ്ഡങ്ങൾ (വാഴ)*
*സ.ഉ(കൈ)നം.115/2022/ തസ്വഭവ തീയതി 28/ 05 / 2022*

## ഇഞ്ചി, മഞ്ഞൾ

1, 2 ഏരിയ വീതം ഇഞ്ചി, മഞ്ഞൾ എന്നിവ കൃഷി ചെയ്യാം. ഇഞ്ചിക്ക് 5 മീറ്റർ നീളവും 1 മീറ്റർ വീതിയുമുള്ള ഒന്നോ രണ്ടോ തടങ്ങൾ: മഞ്ഞളിന് 5 m*1.2 m ഒന്നോ രണ്ടോ തടങ്ങൾ കൃഷി ചെയ്യാം. ഒരു യൂണിറ്റിൽ (0.25 AC) ഇഞ്ചി, മഞ്ഞൾ കൂടിയോ ഇഞ്ചി, മഞ്ഞൾ തനിച്ചായോ കൃഷി ചെയ്യാവുന്നതാണ്.



ഇഞ്ചി – IFS ൽ ഉൾപ്പെടുത്താത്ത തനിവിളയ്ക്ക് 10,000/– ഹെക്ടർ
മഞ്ഞൾ – IFS ൽ ഉൾപ്പെടുത്താത്ത തനിവിളയ്ക്ക് 10,000/– ഹെക്ടർ
ഇഞ്ചി, മഞ്ഞൾ IFS ൽ ഉൾപ്പെടാത്ത തനി വിള

| ക്രമ നം. | ഇനം | ഭൗതിക ലക്ഷ്യം | | സാമ്പത്തിക ലക്ഷ്യം | | ശ്രദ്ധിക്കേണ്ടവ |
|---|---|---|---|---|---|---|
| | | ഹെക്ടറിന് | വിസ്തീർണം | നിരക്ക് | തുക | |
| 1 | ഇഞ്ചി | 5 | 5 | 15000 | 75000 | കൃഷിവകുപ്പ്/ സ്പൈസസ് ബോർഡ് പദ്ധതികളുമായി സംയോജിപ്പിക്കാം |
| 2 | മഞ്ഞൾ | 5 | 5 | 15000 | 75000 | |

*പട്ടിക 8 : സബ്സിഡി മാനദണ്ഡങ്ങൾ (ഇഞ്ചി,മഞ്ഞൾ)*

**ചേമ്പ്, ചേന (Part of IFS)**

ചേമ്പ് – വിത്ത് വഴി പ്രജനനം. മെയ്, ജൂൺ, ഒക്ടോബർ, നവംബർ മാസങ്ങളിൽ കൃഷി ചെയ്യാം. (കൃഷി രീതികൾ POP, KAU പ്രകാരം) 0.25 AC യൂണിറ്റിൽ 10 തടം.

ഫെബ്രുവരി മാർച്ച് മാസങ്ങളിൽ കൃഷി ചെയ്യാം. 0.25 AC യൂണിറ്റിൽ 10 തടം. (കൃഷി രീതികൾ POP, KAU പ്രകാരം)

ഒരു യൂണിറ്റിൽ (0.25 AC) ചേമ്പും ചേനയും കൂടിയോ ചേമ്പ്, ചേന തനിച്ചായോ കൃഷി ചെയ്യാവുന്നതാണ്.





**ജാതി (Nutmeg)**

ദീർഘകാല വിളയായ ജാതി (Nutmeg) ജലസേചന സൗകര്യം ഉള്ള സ്ഥലങ്ങളിൽ കൃഷി ചെയ്യാം. താരതമ്യേനേ രോഗ കീടബാധ കുറവുള്ള, ബഡ്/ഗ്രാഫ്റ്റ് തൈകൾ ഉപയോഗിക്കാവുന്നതാണ്. ഇത് സാമ്പത്തികമായി കർഷകന് ലാഭകരമാണ്. IISR വികസിപ്പിച്ച കർഷകർക്ക് ലഭ്യമാക്കിയ വിശ്വശ്രീ പോലുള്ള അത്യുൽപാദന ശേഷിയുള്ള ഇനങ്ങൾ കൃഷി ചെയ്യാം. ഒരു യൂണിറ്റ് 0.25 AC ൽ 1 6 തൈകൾ നടാമെങ്കിലും സംയോജിത കൃഷിയായതിനാൽ 6 തൈകൾ ആണ് അഭികാമ്യം. (കൃഷി രീതികൾ POP KAU പ്രകാരം)

IFS ൽ ഉൾപ്പെടുത്താത്ത കൃഷിയിടങ്ങളിൽ നടീൽ വസ്തു ഗ്രാഫ്റ്റിന് വിലയുടെ ധനസഹായം സർക്കാർ സബ്സിഡി മാനദണ്ഡങ്ങൾക്ക് അനുസരിച്ച് അനുവദിക്കാം. വില കൃഷി വകുപ്പ്/കാർഷിക സർവ്വകാലാശാല വർഷം തോറും നിശ്ചയിക്കുന്നത്.

| ഇനം | ഭൗതിക ലക്ഷ്യം | | സാമ്പത്തികം | ധന സഹായം | | ആകെ തുക | ശ്രദ്ധിക്കേണ്ടവ |
|---|---|---|---|---|---|---|---|
| | ഹെക്ടർ | എണ്ണം | | ജനറൽ | SC /ST | | |
| ജാതി (ഗ്രാഫ്ട് / ബഡ്) | 400(IFS തുണ്ട ഭൂമികൾ), 6 nos/തുണ്ട ഭൂമി | 2400 (ഗ്രാഫ്ട് /ബഡ്) | 840000 | 75 % 2220 (ഗ്രാഫ്ട്/ ബഡ്) | 100 % 350 രൂപ *6 nos/ തുണ്ട ഭൂമി, അങ്ങനെ 30 തുണ്ട ഭൂമി | | കൃഷിവകുപ്പ്/ സ്പൈസസ് ബോർഡ്, RKVY പദ്ധതി കളുമായി സം യോജിപ്പിക്കാം |
| | | | | 315000 | 63000 | 378000 | |

പട്ടിക 9 : സബ്സിഡി മാനദണ്ഡങ്ങൾ (ജാതി)

**കുരുമുളക്**

നിലനിൽക്കുന്ന കമുകൾ കാലുകളാക്കിയോ, മറ്റ് അനുയോജ്യമായ താങ്ങുകാലുകൾ ഉപയോഗിച്ചോ കുരുമുളക് കൃഷി പ്രോത്സാഹിപ്പിക്കാം. ദ്രുതവാട്ടം, കട ചീയൽ രോഗം, നിമാവിരകൾ, വരൾച്ച എന്നിവയെ പ്രതിരോധിക്കുവാൻ ശേഷിയുള്ള ഇനങ്ങൾ കൃഷി ചെയ്യാം. ഉദാഹരണം IISR ശക്തി, IISR തേവം പഞ്ചമി, പൗർണമി, ശ്രീകര, ശുഭകര തുടങ്ങിയവ 0.25 AC യൂണിറ്റിലേക്ക് 10 മുതൽ 15



കാലുകൾ പിടിപ്പിക്കാം.

ഇടവിളയായും തനിവിളയായും കൃഷി ചെയ്യാം. RKVY പദ്ധതിയനുസരിച്ച് സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് 22,000/– ഹെക്ടറിന്

Unit 0.25 AC 15*400 unit = 6000 standards

| Pepper | No of Stds | No of Rooted cuttings | Cost | subsidy | Remarks |
|---|---|---|---|---|---|
| Inter Crop | 15 | 30 | 360 | Part of IFS | കൃഷിവകുപ്പ്/ സ്പൈസസ് ബോർഡ്, RKVY പദ്ധതികളുമായി സംയോജിപ്പിക്കാം |
| Pure Crop (ലക്ഷ്യം 5 ഹെക്ടർ ) | 5500 Stds | 2 വേരുപിടിപ്പിച്ച തലകൾ ഒരു താങ്ങു കാലിനു എന്നക്രമത്തിൽ | 11000*12രൂപ 132000 | 132000 | കൃഷിവകുപ്പ്/ സ്പൈസസ് ബോർഡ്, RKVY പദ്ധതികളുമായി സംയോജിപ്പിക്കാം ഏക വർഷ പ്രൊജക്റ്റായോ ബഹു വർഷ പ്രൊജക്റ്റായോ നടപ്പാക്കാം |

*പട്ടിക 10 : സബ്സിഡി മാനദണ്ഡങ്ങൾ (കുരുമുളക്)*

**തീറ്റപ്പുൽ കൃഷി**

കന്നുകാലികൾക്കായി തീറ്റപ്പുൽ കൃഷിയും ആവശ്യമുള്ള സ്ഥലങ്ങളിൽ കൃഷി ചെയ്യാം. 10 സങ്കര നേപ്പിയർ പുല്ല് വെച്ച് പിടിപ്പിച്ചാൽ കാലിതീറ്റയിൽ പച്ച പുല്ലിന്റെ അളവ് കൂട്ടാം. സുഗുണ, സുപ്രിയ, NB 21, 35, 5, 6 എന്നിവയിൽ ഒന്ന് കൃഷി ചെയ്യാം (ഇനങ്ങളും പ്രാദേശികമായി) യോജിച്ചവ കാർഷിക സർവ്വകലാശാലയുടെ പാക്കേജ് ഓഫ് പ്രാക്ടീസിൽ നിന്നും തെരഞ്ഞെടുക്കാം.)

കൃഷി രീതികളും വിള പരിപാലനവും കേരള കാർഷിക സർവ്വകലാശാല പാക്കേജ് ഓഫ് പ്രാക്ടീസസ് അനുസരിച്ച് വെള്ളകെട്ടുള്ള പ്രദേശത്തേക്ക് നേപ്പിയർ യോജിച്ചതല്ലാത്തതിനാൽ യോജിച്ച ഇനങ്ങൾ



തിരഞ്ഞെടുക്കാം. 60*60 cm കാലത്തിൽ നടുന്നതിനാൽ കിളച്ചൊരുക്കി അമ്ലാംശം കുറക്കുന്നതിന് ഒരു സെന്റിന് 1 മുതൽ 3 കി.ഗ്രാം. വരെ ഡോളമൈറ്റ് അല്ലെങ്കിൽ കുമ്മായം മണ്ണിൽ ചേർക്കണം. ഒരു സെന്റിൽ 110 കടകൾ നടുവാൻ സാധിക്കും.

| ഇനം | എണ്ണം (സ്ലിപ്സ് / 1 Nos IFS തുണ്ട് ഭൂമി) | ലക്ഷ്യം | | ധന സഹായം |
|---|---|---|---|---|
| | | ഭൗതികം | സാമ്പത്തികം | |
| തീറ്റ പുല്ല് | 110 | 400 IFS തുണ്ട് ഭൂമികൾ | 3 രൂപ / സ്ലിപ്പ് 132000 /– | 132000/– |

*പട്ടിക 11 : സബ്സിഡി മാനദണ്ഡങ്ങൾ (തീറ്റപ്പുല്ല്)*

*സൂചന: സംയോജിത കൃഷി വിവര പട്ടിക കാണുക.*

**ചെറുകിഴങ്ങ്/നന കിഴങ്ങ്/ Little Yam**



പരമ്പരാഗതമായി എടവണ്ണ പഞ്ചായത്തിൽ നന കിഴങ്ങ് കൃഷി ചെയ്ത് വിൽപനയും ഉപയോഗവും നടക്കുന്നു. ഏഴര മാസം കൊണ്ട് വിളവെടുക്കാവുന്ന വിളയാണ്. പൊട്ടാസ്യം, ഫോസ്ഫറസ്, മഗ്നീഷ്യം, കാൽസ്യം, അയേൺ, സിങ്ക്, കോപ്പർ, മാംഗനീസ് തുടങ്ങിയ മിനറൽസും കൂടാതെ വൈറ്റമിൻ സി. വൈറ്റമിൻ B6, ഫോളേറ്റ്, തൈയാമിൻ (B1), റബോഫ്ലാവിൻ (B2), നിയാസിൻ (B3) വൈറ്റമിനുകളും, ആന്റ് ഓക്സിഡന്റുകളും, ഡയറ്ററി ഫൈബറും ഉണ്ട്.

ഇനങ്ങൾ – ശ്രീലത, ശ്രീകല

നടീൽ സമയം – മാർച്ച്, ഏപ്രിൽ മാസങ്ങൾ

അമ്ലത്വം കുറഞ്ഞ മണ്ണാണ് ഈ വിളക്ക് അനുയോജ്യം എന്നതിനാൽ 1 മുതൽ 3 കിലോഗ്രാം ഡോളോമൈറ്റോ കുമ്മായമായോ നിലം ഒരുക്കുമ്പോൾ തന്നെ മണ്ണിൽ ചേർത്ത് കൊടുക്കണം.

വളപ്രയോഗവും, കൃഷി രീതികളും കേരള കാർഷിക സർവ്വകാലാശാലയുടെ പാക്കേജ് ഓഫ് പ്രാക്ടീസ് (Package of Practices, Kerala Agricultural University) പ്രകാരം ചെയ്യാവുന്നതാണ്.

| 0.25 AC ഒരു യൂണിറ്റ്, 400 യൂണിറ്റ്- ആകെ 25 ഹെക്ടർ- IFS Plots | | | | | |
|---|---|---|---|---|---|
| നിലം ഒരുക്കൽ | കുമ്മായ വസ്തുക്കൾ | വിത്ത് | നിരക്ക് | ആകെ | സബ്സിഡി |
| | | 400 kg | 400 *50 രൂപ | 20000 /- | 20000 /- |

*പട്ടിക 12 : സബ്സിഡി മാനദണ്ഡങ്ങൾ ( നനകിഴങ്ങ്)*

*സൂചന: സംയോജിത കൃഷി വിവര പട്ടിക കാണുക*

മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഈ കിഴങ്ങു വർഗ്ഗത്തിൽ നിന്ന് ഉൽപാദിപ്പിക്കുന്നതിനുള്ള സാദ്ധ്യത പ്രത്യേകം പരിശോധിക്കാം പ്രവർത്തി പഥത്തിൽ എത്തിക്കുകയും വേണം. തനിവിളയായും, ഇടവിളയായും കൃഷി ചെയ്യാവുന്നതാണ്.

**ചെറുധാന്യ കൃഷി (തരിശുഭൂമിയിൽ )**

വെള്ളകെട്ടില്ലാത്ത പ്രദേശങ്ങളിലും കുന്നിൻ ചെരിവുകളിലും ചെറുധാന്യങ്ങളായ ചാമ, റാഗി എന്നിവ കൃഷി ചെയ്യാം. വിത്ത് വഴിയാണ് റാഗിയുടെ പ്രജനനം. ഒന്നുമുതൽ രണ്ട് കിലോഗ്രാം വിത്ത് ഒരു ഏക്കറിന് ആവശ്യമായി വരും. 3-4 തവണ നിലം ഉഴുത് ഒരുക്കി ഒരു സെന്ററിന് 20 കിലോ ചാണകമോ/കമ്പോസ്റ്റോ/ജൈവ വളമോ ചേർത്ത് കൊടുക്കണം.

നട്ട് 3 ആഴ്ച വളർച്ചയെത്തിയ തൈകളാണ് പറിച്ച് നേടേണ്ടത് 25 സെമി * 15 സെമി അകലത്തിലാണ് അടിവളം നടീൽ സമയത്ത് തന്നെ നൽകണം.



K-2 കേരളത്തിൽ കൃഷി ചെയ്യാൻ യോജിച്ച റാഗി ഇനം ആണ്. ഹെക്ടറിന് 3400 കിലോ വരെ വിളവ് ലഭിക്കും. 135 ദിവസം മൂപ്പ്. PR-202 നു മൂപ്പ് 105 ദിവസം, വിളവ് 3250 കിലോഗ്രാം വരെ വിളവ് ലഭിക്കും. ജലസേചനം/ മഴയെ ആശ്രയിച്ച് കൃഷി ചെയ്യാം.

മറ്റിനങ്ങൾ Co-10, Co-2, Co-9

ഒരു ഹെക്ടറിന് 45:22.5:22.5 കിലോ എന്ന അനുപാതത്തിൽ പാക്യജനകം (നൈട്രജൻ), ഭാവഹം (ഫോസ്ഫറസ്), ക്ഷാരം (പൊട്ടാഷ്) റാഗിക്ക് നിർദ്ദേശിക്കപ്പെട്ടുള്ളതുമാണ്. നടീൽ സമയത്ത് യൂറിയ 1.950 കിലോ റോക്ക് ഫോസ്ഫേറ്റ് 5 കിലോ യൂറിയേറ്റ് ഓഫ് പൊട്ടാഷ് 1:5 വീതം ഒരു ഏക്കറിന് ചേർത്ത് കൊടുക്കണം.

രണ്ടാമത്തെ വള പ്രയോഗം നട്ട് 3 ആഴ്ച കഴിഞ്ഞ്. 1.950 കിലോ യൂറിയ മാത്രം.

അമ്ലാംശം കൂടുതലുള്ള മണ്ണിൽ ഏക്കറിന് 300 കിലോ വീതം കുമ്മായ വസ്തുക്കൾ രണ്ടാഴ്ച മുമ്പ് ഉപയോഗിക്കണം.

റാഗിക്ക് വെള്ളം കെട്ടിനിൽക്കാൻ അനുവദിക്കരുത്. കള നിയന്ത്രണം

വിളവെട്ടുപ്പ് സമയം മണ്ണ് ഉണങ്ങിയ/വരണ്ട അവസ്ഥയാണ് നല്ലത്. ആയത് കണക്കാക്കി നടീൽ ക്രമീകരിക്കണം. 50 ശതമാനം കതിരിന്റെ തലപ്പുകൾ തവിട്ട നിറമായാൽ ആദ്യഘട്ടം വിളവെട്ടുപ്പ് നടത്താം. തവിട്ട നിറമായ കതിരുകൾ മാത്രം കൊയ്തെടുക്കുക.

ഒരാഴ്ചയ്ക്ക് ശേഷം ബാക്കിയുള്ള എല്ലാ കതിരുകളും കൊയ്തെടുക്കാം.

**ചിലവ് :** ഒരു ഏക്കറിന് ഒരു വർഷം പ്രതീക്ഷിക്കുന്ന വിള വിസ്തീർണ്ണം 5 ഹെക്ടർ

നിലം ഒരുക്കൽ മുതൽ വിളവെട്ടുപ്പ് വരെയുള്ള കൃഷി പരിചരണ മുറകൾ കൃഷിവകുപ്പിന്റെ നിർദ്ദേശാനുസരണം അനുവർത്തിക്കേണ്ടതാണ്

| ഇനം | ലക്ഷ്യം ഭൗതികം | ധനസഹായ വിവരങ്ങൾ (1 ഹെക്ടറിന്) കർഷകൻ | ഉടമ | ആകെ തുക | വിസ്തീർണം | ആകെ ധന സഹായം |
|---|---|---|---|---|---|---|
| ചെറു ധാന്യ കൃഷി | 5 ഹെക്ടർ | 27000/ - | 3000/ - | 30000 / - | 5 ഹെക്ടർ | 150000 / - |

*പട്ടിക 13 : സബ്സിഡി മാനദണ്ഡങ്ങൾ ( ചെറു ധാന്യ കൃഷി)*

## 20. കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം (Weather Station)- 2 Nos

(വിശദാംശങ്ങൾ പാർട്ട് -1 ഇൽ നല്കിയിരിക്കുന്നു )

ഉരുൾപൊട്ടിയതും റിസ്ക് കൂടുതൽ ഉള്ളതുമായ കുന്നിൻ പ്രദേശത്ത് ഒരു യൂണിറ്റ് സ്ഥാപിക്കാം. മറ്റൊന്ന് സമതല പ്രദേശത്തു സ്ഥാപിക്കാം. ഇതിന് അനുയോജ്യമായ സ്ഥലം വിദഗ്ധരുമായി ചർച്ച ചെയ്ത് കണ്ടെത്തണം. പ്രഥമ പരിഗണന നല്കേണ്ടത് ദുരന്ത സാധ്യത വർദ്ധിച്ച മേഖലകളാണ്. വാർഡ്1(പടിഞ്ഞാറെ ചാത്തല്ലൂർ) പരിഗണിക്കാവുന്നതാണ്. ഒരേ വർഷത്തിലോ വിവിധ വർഷങ്ങളിലായോ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

സമതല പ്രദേശം - 1 യൂണിറ്റ്

കുന്നിൻ പ്രദേശം - 1യൂണിറ്റ്

## 21. കൃഷി കൂട്ടങ്ങൾ-ആഴ്ചചന്ത

കർഷകരുടെ കൂട്ടായ്മയിൽ കൃഷി പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന എല്ലാ കാർഷിക ഉത്പന്നങ്ങളും കർഷകർ /കർഷക കൂട്ടങ്ങൾ തയ്യാറാക്കുന്ന മൂല്യവർദ്ധിത ഉത്പന്നങ്ങളും വിപണനം ചെയ്യുന്നതിനുള്ള പൊതുവേദി

കർഷകരുടെ ഉൽപന്നങ്ങൾ ലാഭകരമായി ഇടനിലക്കാരെ ഒഴിവാക്കി വിപണനം നടത്തുന്നതിനുള്ള വേദിയായി ഇത് ഉപയോഗപ്പെടുത്താം.

സ്ഥലത്തിന്റെ പ്രത്യേകത അനുസരിച്ച് രണ്ട് പ്രദേശമായി തിരിച്ച് രണ്ട് പ്രാദേശിക ആഴ്ച ചന്തകൾ ഒരുക്കുന്നത് ഗുണകരം ആകും. ചന്തയിൽ ലഭ്യമാകുന്ന ഉത്പന്നങ്ങളുടെ ഇനവും വിലയും, സാമൂഹ്യ മാദ്ധ്യമങ്ങളിൽക്കൂടി എല്ലാവരേയും അറിയിക്കുന്നതിനുള്ള ക്രമീകരണം ഉണ്ടാക്കണം.

കർഷകരുടെ ഉത്പന്നങ്ങൾ സ്വയം പൊതുസ്ഥലത്ത് വെച്ച് വിൽക്കുന്നതിനോ ക്രമീകൃതമായ രീതിയിൽ സംഘടനാ സംവിധാനത്തിൽ കൂടി വിൽക്കുന്നതിനോ ഉള്ള സാഹചര്യം ഒരുക്കണം.

വിപണന ദിവസവും സമയവും പ്രാദേശികമായി തീരുമാനിക്കാം.

## മൂല്യവർദ്ധിത സാദ്ധ്യതകൾ

### ചെറുകിഴങ്ങ്/നന കിഴങ്ങ് (lesser yam)

നനകിഴങ്ങ് (little yam) പ്രോട്ടീൻ സമ്പുഷ്ടമായ കിഴങ്ങു വർഗം ആണ്. അത് പൊടിയാക്കി ഉപയോഗിക്കാവുന്ന രീതിയിലേക്ക് മൂല്യവർദ്ധിത ഉത്പന്നമാക്കുന്നതിന് ആവശ്യമായ പരിശീലനം CTCRI യിൽ നൽകാം. ആയത് തൊഴിൽരഹിതരായ സ്ത്രീ കളുടേയോ/പുരുഷന്മാരുടെയോ/അയൽക്കൂട്ടായമ /കർഷക കൂട്ടായ്മക്കായോ ഉപയോഗപ്പെടുത്താം. കിഴങ്ങ് ഉണക്കി പൊടിക്കുന്നതിനുള്ള ഡ്രൈയർ സംവിധാനം, പൊടിക്കുന്നതിനും, പാക്ക് ചെയ്യുന്നതിനും ഉള്ള ക്രമീകരണങ്ങൾ ഒരുക്കണം.

വ്യവസായ വകുപ്പിന്റെയും, കൃഷി വകുപ്പിന്റെയും സാങ്കേതിക വിദഗ്ധരുടെയും സേവനം ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

തനിവിളയായും ഇടവിളയായും കൃഷി ചെയ്യുന്ന വിള പരിപാലനം മുൻപ് വിശദീകരിച്ചിട്ടുണ്ട്.

തനി വിള – 0.04 ഹെക്ടർ മുതൽ ഒരു ഹെക്ടർ

ശരാശരി ഒരു വർഷം ടാർജറ്റ് – 100 ഹെക്ടർ (വിളവ് 30–40 മെട്രിക് ടൺ ഫോർ ഹെക്ടർ)

30 മെട്രിക് ടൺ ഒരു ഹെക്ടർ – 100 ഹെക്ടർ – 3000 MT



# COCONUT PROCEEESED PRODUCTS



## Packed

Tender coconut water
Tender coconut water + coconut meat

## Desserts

Coconut Pudding
Coconut Sweets



## Cooking

Boosts Good Cholesterol (HDL)
Good for Skin & Hair







## Agriculture

Fiber from coconut husk produces husk powder as a byproduct, which can be used to make solid bricks, serve as a substitute for sand in potting mixtures, or be utilized for coir pith composting



## 23. ഔഷധ സസ്യ കൃഷി (Cultivation of Medicinal Plants)

ഔഷധസസ്യകൃഷിക്ക് വിപണന സൗകര്യം ഉറപ്പാക്കണം. കോട്ടയ്ക്കൽ ആര്യവൈദ്യശാല, തൈക്കാട് മൂസ്, നാഗാർജ്ജുന, ഔഷധി തുടങ്ങിയ ഏതെങ്കിലും കമ്പനികളുമായി MoU ഉണ്ടാക്കിയതിനുശേഷം കൃഷി തുടങ്ങുന്നത് ഉചിതമായിരിക്കും. വിത്തിന്റെ ഗുണവും ഉറപ്പാക്കേണ്ടതാണ്.

### 1. ചെത്തികൊടിവേലി

തണ്ടുകൾ മുറിച്ച് നട്ടാണ് ഇവയുടെ പ്രവർത്ത നം. ജൂൺ–ജൂലൈ മാസങ്ങൾ ആണ് നടാൻ ഉപയോഗിക്കുന്നത്. 2–3 മുട്ടുകളുള്ള തണ്ടുകൾ മുറിച്ച് നട്ട് വേര് പിടിപ്പിച്ചാണ് കൃഷി ചെയ്യുന്നത്.നട്ടുന്നതിനായി ഒരു മീറ്റർ വീതിയുള്ള സൗകര്യപ്രദമായ തവാരണങ്ങൾ എടുക്കാം. നേരിട്ട് നടീൽ നടത്തുന്ന രീതിയും നിലവിൽ ഉണ്ട്. കൃഷിയിടം മൂന്നോ നാലോ പ്രാവശ്യം കിളച്ച്/ഉഴുത് പാകപ്പെടുത്തണം. ഒരു സെന്റിന് 50 കിലോ ജൈവവളം ചേർത്ത് കൊടുക്കുന്നു. 50 സെ.മീ അകലത്തിലും, 30 സെ.മീ ഉയർത്തിയും ഏരികൾ/വരമ്പുകൾ എടുക്കണം. 2–3 മാസം പ്രായമായ കമ്പുകൾ 15 സെന്റി മീറ്റർ അകലത്തിൽ നടണം.

ഇനങ്ങൾ – അഗ്നി, മൃദുല

ലക്ഷ്യം 2 ഹെക്ടർ



| നം. | ഇനത്തിന്റെ പേര് | വിള മൂപ്പ് | ഇടവിള കൃഷിക്ക് അനുയോജ്യ മാണോ | ഒരു ഹെക്ടറിൽ നിന്ന് ലഭിക്കുന്ന കിഴങ്ങ് | ഉണക്കിയ കിഴങ്ങിന്റെ അളവ് | പ്ലൂംബാഗിന്റെ അളവ് |
|---|---|---|---|---|---|---|
| 1 | അഗ്നി | 18 മാസം | അനുയോജ്യം | 3400 kg | 1100 kg | 0.80% |
| 2 | മൃദുല | 18 മാസം | അനുയോജ്യം | 4000 kg | 1200 kg | 0.22% |

*പട്ടിക 14 : വിള വിവരങ്ങൾ– ചെത്തികൊടിവേലി*

| നിലം ഒരുക്കൽ | നടീൽ വസ്തുക്കൾ | നടീൽ ചെലവ് | ജൈവ വളം | മറ്റു കാർഷിക പ്രവർത്തനങ്ങൾ | വിളവെടുപ്പ് | ആകെ ചിലവ് |
|---|---|---|---|---|---|---|
| 40000 | 30000 | 30000 | 25000 | 30000 | | 155000/– |

*പട്ടിക 15 : ചിലവ് വിവരങ്ങൾ – ചെത്തികൊടിവേലി*

**വളപ്രയോഗം**

ഒരു ഹെക്ടറിന് 50:50:50 NPK എന്ന അനുപാതത്തിൽ പോഷക മൂല്യങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഏക്കറിന് 4.340 കിലോ യൂറിയ, 11.100 കിലോ റോക്ക് ഫോസ്ഫേറ്റ്, 3.340 കിലോ യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്ന തോതിൽ വളങ്ങൾ ചേർത്ത് കൊടുക്കാം. നടുന്ന സമയത്ത് തന്നെ റോക്ക് ഫോസ്ഫേറ്റ് മുഴുവനായും ചേർത്ത് കൊടുക്കാം. നട്ട് 60 ദിവസത്തിന് ശേഷം പകുതി ഭാഗം യൂറിയായും യൂറിയേറ്റ് ഓഫ് പൊട്ടാഷും ചേർത്ത് കൊടുക്കണം.

നട്ട് 4 മാസങ്ങൾക്ക് സേഷം മൂന്നാം ഘട്ട വളപ്രയോഗം നടത്തണം. ശേഷിക്കുന്ന പകുതിഭാഗം യൂറിയായും, യൂറിയേറ്റ് ഓഫ് പൊട്ടാഷ് ചേർത്ത് കൊടുക്കാം

അമ്ലാംശം കൂടുതലുള്ള മണ്ണിൽ വളപ്രയോഗത്തിന് രണ്ടാഴ്ച മുമ്പ് ഒന്ന് മുതൽ മൂന്ന കിലോ കുമ്മായം അല്ലെങ്കിൽ ഡോളോമൈറ്റ് ഒരു സെന്റിന് എന്ന ക്രമത്തിൽ ചേർത്തുകൊടുക്കാം.

കളകളുടെ വളർച്ച നിയന്ത്രിക്കണം ജൈവ വസ്തുക്കൾ ഉപയോഗിച്ച് പുതയിടുന്നത് കള നിയന്ത്രണത്തിന് നല്ല ഒരു മാർഗ്ഗമാണ് 2–4 മാസങ്ങളിൽ വള പ്രയോഗത്തെ തുടർന്ന് മണ്ണ് ഇട്ട് കൊടുക്കണം.

**വിളവെടുപ്പും സംഭരണവും**

നട്ട് 16–18 മാസങ്ങൾക്കുള്ളിൽ വിളവെടുക്കാം. ഇലകൾ ഉണങ്ങി തുടങ്ങുന്നതാണ് മൂപ്പെത്തിയതിന്റെ ലക്ഷണം. കൈകൾക്ക് പൊള്ളൽ ഉണ്ടാകാതിരിക്കുവാൻ ഗ്ലൗസ് ഉപയോഗിക്കുന്നത് നല്ലതാണ്.

## 2. അടപതിയൻ

**നടീൽ പ്രവർത്തനങ്ങൾ –**

വിത്ത് വഴിയും കമ്പു മുറിച്ച് നട്ടും അടപതിയന്റെ പ്രജനനം നടത്താം. മഴയെ ആശ്രയിച്ചും, ജലസേചിതമായും കൃഷി ചെയ്യാം. മഴയെ ആശ്രയിച്ചാണെങ്കിൽ മെയ്–ജൂൺ മാസത്തിൽ നടീൽ നടത്തണം. ജലസേചന വിള ഏത് സമത്തും നടത്താം.

**വിത്ത് ശേഖരണം –**

നവംബർ – ഡിസംബർ മാസങ്ങളിൽ വിത്തുകൾ ശേഖരിക്കണം. വിത്തുകൾ വൃത്തിയാക്കി ഉണക്കി സൂക്ഷിക്കണം. നടീലിന് മുൻപ് 4–5 മണിക്കൂർ വെള്ളത്തിൽ കുതിർത്ത് ഞാറ്റടികളിൽ നടുക. ഒന്ന് – ഒന്നര മാസം വളർച്ചയെത്തിയ തൈകൾ പറിച്ചു നടാവുന്നതാണ്.

ഒരു സെന്റിന് 80 കിലോ ജൈവവളവും, കാലി വളവും ചേർക്കുക. 60×60 സെന്റിമീറ്റർ അകലത്തിൽ 30×30×30 സെന്റിമീറ്റർ വലുപ്പമുള്ള കുഴികൾ എടുത്ത് ഇതിലേക്ക് 10 കിലോ ഉണങ്ങിയ ചാണകവും മേൽമണ്ണും ചേർത്ത് കുഴി നിറയ്ക്കുക. കുഴികൾ പിന്നീട് ഉയർന്ന തടങ്ങളായി തീർത്ത് അതിലേക്ക് തൈകൾ മാറ്റി നടണം. നടീൽ സമയത്ത് അടിവളം ചേർക്കണം.

ഇനങ്ങൾ – ജീവ – തടിച്ചതും മധുരമുള്ളതുമായ കിഴങ്ങുകൾ

പ്രതീക്ഷിക്കുന്നത് ഒരു ഹെക്ടറിൽ നിന്നും 4.5 മെടിക് ടൺ, ഉണങ്ങിയത് 1.5 മെടിക് ടൺ



### വളപ്രയോഗ രീതി

NPK 100:50:50 kg എന്ന അനുപാതത്തിൽ ചേർക്കാം. ഒരു ഏക്കറിന് 8–680 യൂറിയ, 11–100 കിലോ റോക്ക് ഫോസ്ഫേറ്റ്, 3–340 കിലോ യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്ന തോതിൽ വേണം.അമ്ലാംശം കൂടുതലുള്ള മണ്ണിൽ വളപ്രയോഗത്തിന് രണ്ടാഴ്ച മുമ്പ് ഒന്നു മുതൽ മൂന്ന് കിലോ കുമ്മായ വസ്തുക്കൾ ഒരു സെന്റിന് എന്ന ക്രമത്തിൽ ചേർത്ത് കൊടുക്കാം. ജൈവ വളം ഒരു സെന്റിന് 80 കിലോ വീതം നടീൽ സമയത്ത് ചേർത്ത് കൊടുക്കണം.

### ഇടക്കാല പരിചരണം

നട്ട് ഒരു മാസത്തിനകം ഗ്യാപ് ഫില്ലിംങ്ങ് നടത്താം. നടീലിനു ശേഷം കള നീക്കം ചെയ്ത് മേൽ മണ്ണ് ചേർത്ത് മണ്ണിട്ട് കൊടുക്കണം. പുതയിടുന്നത് കള നിയന്ത്രണത്തിന് നല്ലൊരു മാർഗ്ഗമാണ്. അടപതിയൻ പടർന്ന് കയറുന്ന സ്വഭാവം ഉള്ളതിനാൽ താങ്ങുകളും പന്തലുകളും കെട്ടി കൊടുക്കണം. ചെടികൾ പൂക്കുന്നതുവരെ പതിവായി നനക്കണം.

### വിളവെടുപ്പ്

ഒന്നര – രണ്ട് വർഷം ആകുമ്പോൾ അടപതിയൻ വിളവെടുപ്പിന് പാകമാകും. ജനുവരി–ഫെബ്രുവരി മാസങ്ങളിൽ സാധാരണയായി വിളവെടുക്കുന്നു. മൂപ്പെത്തുമ്പോൾ കിഴങ്ങുകൾ 10 സെന്റിമീറ്റർ നീളത്തിൽ മുറിച്ച് കഷ്ണങ്ങളാക്കി വെയിലത്ത് ഉണക്കി വിപണനം ചെയ്യാം.

### കൃഷി ചിലവ്(ഹെക്ടർ )

ലക്ഷ്യം 2 ഹെക്ടർ

| നിലം ഒരുക്കൽ | നടീൽ വസ്തുക്കൾ | നടീൽ ചെലവ് | ജൈവ വളം | രാസവളം | താങ്ങു കാൽ | കള നിയന്ത്രണം | വിളവെടുപ്പ് | ആകെ ചിലവ് |
|---|---|---|---|---|---|---|---|---|
| 40000 | 75000 | 40000 | 25000 | 15000 | 40000 | 40000 | 25000 | 300000/- |

*പട്ടിക 16 : കൃഷി ചിലവ് വിവരങ്ങൾ – അടപതിയൻ*



### 3. കുറുന്തോട്ടി

നടീൽ സമയം മെയ് – ജൂൺ മാസങ്ങളിലാണ്. നഴ്സറികളിൽ നിന്നും പറിച്ചു നടുന്നു. താവരണകൾ തയ്യാറാക്കി 20×20 cm അകലത്തിൽ തൈകൾ നടാം. വിത്ത് ചികിത്സ ആവശ്യമാണ് (hot water treatment). ട്രീറ്റ് ചെയ്ത് വിത്തുകൾ തവാരണകളിൽ വിതക്കുന്നു. മുളച്ച് 20 ദിവസം പ്രായമായ (3–4 ഇല പ്രായത്തിൽ) തൈകൾ പറിച്ച് നടാം. വിളവെടുപ്പ് കാലം നവംബർ – ഡിസംബർ മാസങ്ങളിലാണ്.

ലക്ഷ്യം 2 ഹെക്ടർ

| നഴ്സറി | നിലമൊരുക്കലും നടീലും | വിത്ത് ഹെക്ടറിന് | വില | കള യെടുപ്പ് | ജൈവ വളം | മറ്റ് കൃഷി പണികൾ | വിളവെടുപ്പ് | ആകെ |
|---|---|---|---|---|---|---|---|---|
| 30000 | 45000 | 2.5 kg | 15000 | 25000 | 25000 | 25000 | 50000 | 180000 |

*പട്ടിക 17 : കൃഷി ചിലവ് വിവരങ്ങൾ – കുറുന്തോട്ടി*

National Medicinal Plant Board,RKVY പദ്ധതി എന്നിവയുടെ സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

## 24. കാർഷിക വനവത്കരണം

കാലാവസ്ഥ വ്യതിയാനത്തിന്റെയും ആഗോളതാപനത്തിന്റെയും ഭാഗമായി ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ പ്രതിരോധിക്കുന്നതിനാണ് വൃക്ഷങ്ങൾ നട്ടുവളർത്തി വനവത്കരണത്തെ പ്രോത്സാഹിപ്പിക്കുന്നത്. അതിനായി ഗ്രാമങ്ങളിൽ പൊതു ഇടങ്ങൾ നിർമ്മിച്ചും അതിൽ മരങ്ങൾ വച്ച് പരിപാലിച്ചും പച്ചതുരുത്തുകൾ ആക്കുകയും പരിസരം പരിസ്ഥിതി സൗഹൃദം ആക്കുകയും ചെയ്യേണ്ടതാണ്. ജപ്പാനിൽ വികസിപ്പിച്ച മിയ വാക്കി വനവത്കരണ മാതൃക പ്രോത്സാഹിപ്പിക്കാവുന്നതാണ്. നഗരമാലിന്യം, കാർബൺ ബഹിർഗമനം, അന്തരീക്ഷ മലിനീകരണം, ശബ്ദമലിനീകരണം, അന്തരീക്ഷ താപനില എന്നിവ കുറയ്ക്കുന്നതിന് ഇത് സഹായിക്കും. പരിസ്ഥിതി സുരക്ഷയ്ക്ക് കാർബൺ വാതകത്തിന്റെ അളവ് കുറയ്ക്കേണ്ടത് ആവശ്യമാണ്. ഇതിന് ഏറ്റവും അനുയോജ്യമായ മാർഗം മരങ്ങൾ സംരക്ഷിക്കുകയാണ്. വനവൽക്കരണം കാലാവസ്ഥാ പ്രത്യാഘാതങ്ങൾ തരണം ചെയ്യുന്നതിനും നീണ്ടകാല പരിസ്ഥിതി നിലനിൽപ്പിനും അനിവാര്യമാണ്. വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതു വഴി മണ്ണൊലിപ്പ് തടഞ്ഞ് ജൈവ വസ്തു വർദ്ധിപ്പിച്ച് മണ്ണിന്റെ ഫലഭൂയിഷ്ഠത മെച്ചപ്പെടുത്തി സസ്യങ്ങളുടെ വളർച്ചയെ സഹായിക്കുകയും ചെയ്യുന്നു. മഴവെള്ളം ഭൂമിക്ക് അടിയിലേക്ക് കിനിഞ്ഞിറങ്ങാൻ അനുവദിക്കുകയും ഭൂഗർഭ ജലനിരപ്പ് ഉയർത്താനും സഹായിക്കുന്നു. ഈ ഇടപെടലുകൾ വഴി ജൈവവൈവിധ്യ സംരക്ഷണം

ഉറപ്പാക്കുകയും വായു ഗുണനിലവാരം മെച്ചപ്പെടുത്തി ആരോഗ്യം പരിപാലിക്കപ്പെടുകയും ചെയ്യുന്നു.

- കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം വേണം തൈകൾ നടേണ്ടത്.
- തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തൈകൾ ആവശ്യമനുസരിച്ച് അംഗീകൃത നഴ്സറികളിൽ നിന്നും വാങ്ങാവുന്നതാണ്.

വൃക്ഷ തൈകൾ തുറസ്സായ പൊതു ഇടങ്ങളിലും,പൊതുസ്ഥാപനങ്ങളിലും റോഡുകളുടെ വശങ്ങളിലും വെച്ചുപിടിക്കുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്.1000 ഫലവൃക്ഷ തൈകൾ പ്രദേശത്തിന്റെ സ്വഭാവം അനുസരിച്ചു വെച്ചുപിടിപ്പിക്കുന്നു. കേരള വനഗവേഷണ സ്ഥാപനത്തിന്റെ നേർസറിയിൽ നിന്നും തൈകൾ സംഭരിച്ച് ഉപയോഗപ്പെടുത്താവുന്നതാണ്.

| ഇനം | വില | എണ്ണം | ആകെത്തുക(INR) |
|---|---|---|---|
| അയനി | 15 | 300 | 3000/- |
| കണിക്കൊന്ന | 15 | 300 | 1500/- |
| ഒടുക് | 15 | 200 | 1500/- |
| വീട്ടി | 20 | 100 | 2000/- |
| അമ്പഴം | 25 | 100 | 2500/- |

*പട്ടിക 18 : വില വിവരങ്ങൾ*

തൈകൾ കെ . എഫ് . ആർ . ഐ യിൽ നിന്നു കൊണ്ടുവരുന്നതിനും വിതരണം ചെയ്യുന്നതിനും 10,000 രൂപ വകവെയ്ക്കണം. തൊഴിലുറപ്പ് പദ്ധതിയുടെ (MGNREGS) സഹായത്തോടെ നിലം ഒരുക്കൽ, കുഴിയെടുക്കൽ, തൈകളുടെ സംരക്ഷണം, ജലസേചനം എന്നിവ നടപ്പിലാക്കാവുന്നതാണ് .

## 25. ശിശിരം 2025

### വേനൽക്കാല തരിശു വിള

എടവണ്ണ പഞ്ചായത്തിൽ വിളവെടുപ്പ് കഴിഞ്ഞ് തരിശായി കിടക്കുന്ന വയലുകളിൽ കർഷകരുടെ കൂട്ടായ്മയിൽ ലഭ്യമായ ഈർപ്പം ഉപയോഗപ്പെടുത്തി വേനൽക്കാലം തരിശു വിളയായി എള്ളും ഉഴുന്നും കൃഷി ചെയ്യാവുന്നതാണ്. വിളവെടുപ്പ് കഴിഞ്ഞ ഉടനെ തന്നെ നിലം ഉഴുത് ഒരുക്കി ഒരു ഹെക്ടറിനെ ഉഴുന്ന് 20 കിലോ വീതവും എള്ള് 2 കിലോ വീതവും വിതച്ച് കൃഷി ചെയ്യാം. കാർഷിക സർവകലാശാലയുടെ പാക്കേജ് ഓഫ് പ്രാക്ടീസ് അനുസരിച്ച് കൃഷിമുറകൾ അനുവർത്തിക്കാം.

| വിള | യൂണിറ്റ് | ലക്ഷ്യം | പരമാവതി അനുവദനീമായാ ധന സഹായം | ആകെ തുക |
|---|---|---|---|---|
| എള്ള് | 1 ഹെക്ടർ | 5 ഹെക്ടർ | 15000 | 75000 |
| ഉഴുന്ന് | 1 ഹെക്ടർ | 5 ഹെക്ടർ | 50000 | 100000 |
| | | | | 175000 |

*പട്ടിക 19 : സബ്സിഡി വിവരങ്ങൾ*

# സംഗ്രഹം

ഗ്രാമ പഞ്ചായത്തിൽ ഏറ്റെടുത്തു നടത്താൻ പറ്റുന്ന പദ്ധതികളും, കണക്കാക്കപ്പെടുന്ന ചിലവും താഴെയുള്ള പട്ടികയിൽ ക്രോഡീകരിച്ചിരിക്കുന്നു. സാമ്പത്തികസ്ഥിതി അനുസരിച്ച് ഒരു വർഷത്തിലോ വിവിധ വർഷങ്ങളിലായോ പദ്ധതികൾ നടപ്പാക്കാവുന്നതാണ് .യൂണിറ്റുകളുടെ എണ്ണം ധനസ്ഥിതി അനുസരിച്ച് തീരുമാനിക്കാവുന്നതാണ്.

| ക്രമ നം. | ഇനം | ഒരു യൂണിറ്റ് | ലക്ഷ്യം | ഒരു യൂണിറ്റ് ധനസഹായം | ധനസഹായമായി വരുന്ന ചിലവ് |
|---|---|---|---|---|---|
| 1 | *സംയോജിത കൃഷി സമ്പ്രദായം | 25 സെന്റ് | 400 എണ്ണം | 25000 | 10000000/– |
| 2 | കയറ്റുമതി ലക്ഷ്യമാക്കിയുള്ള വാഴ കൃഷി | 1 ഹെക്ടർ | 75 ഹെക്ടർ | 35000 | 2625000 /– |
| 3 | ഇഞ്ചി (IFS ൽ ഉൾപ്പെടാത്ത തനി വിള ) | 1 ഹെക്ടർ | 5 ഹെക്ടർ | 15000 | 75000 |
| 4 | മഞ്ഞൾ (IFS ൽ ഉൾപ്പെടാത്ത തനി വിള ) | 1 ഹെക്ടർ | 5 ഹെക്ടർ | 15000 | 75000 |
| 5 | കുരുമുളക് തനിവിള | 0 .10 ഹെക്ടർ | 5 ഹെക്ടർ | 26400 | 132000/– |
| 6 | കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം | 1എണ്ണം | 2എണ്ണം | 200000 | 4,00,000/– |
| 7 | തരിശു ഭൂമിയിൽ ചെറു ധാന്യ കൃഷി | | 5 ഹെക്ടർ | 30000 / – | 150000/– |
| 8 | ഔഷധസസ്യകൃഷി (കൊടുവേലി, അടപതിയൻ, കുറുന്തോട്ടി) | | 6 ഹെക്ടർ | വിശദീകരണം കാണുക | 1090000/– |
| 9 | കാർഷിക വനവത്കരണം | 1000 എണ്ണം | 1000 തൈകൾ നട്ടു പരിപാലിച്ച് വളർത്തുന്നു | | 20500/– |
| 10 | ശിശിരം 2025 | 1 ഹെക്ടർ (എള്ള്) | 5 ഹെക്ടർ | 15000/– | 75000/– |
| | | 1 ഹെക്ടർ (ഉഴുന്ന്) | 5 ഹെക്ടർ | 20000 | 100,000/– |
| | Total | | | | 14742500/- |

*പട്ടിക 20 : സംഗ്രഹം*

*IFS യൂണിറ്റുകൾ ഒറ്റവർഷമായോ തുടർച്ചയായ അഞ്ചു വർഷങ്ങളിലായോ വ്യാപിപ്പിക്കാം.